# ജ്വാല



കേളപ്പജി കോളേജ് ഓഫ്
അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി






Kelappaji College of Agricultural Engineering & Technology
Tavanur, Malappuram
MEN'S HOSTEL DAY-'08
Sign plus
08.01.2009 19:12




PLANTED BY
ON THEIR 1st ANNIVERSARY.








# ജ്വാല

KERALA AGRICULTURAL UNIVERSITY

KELAPPAJI COLLEGE OF AGRICULTURAL ENGINEERING AND TECHNOLOGY

TAVANUR

# ആദരപൂർവ്വം................



# KERALA AGRICULTURAL UNIVERSITY
Main Campus, Kerala Agricultural University P.O., Thrissur-680 656, Kerala

**K. R. VISWAMBHARAN**
VICE - CHANCELLOR


## Message



*I am glad to know that Student's Union 2007-08 of K.C.A.E.T. Tavanur is going to bring out their Annual College Magazine - "JWALA".*

*I am informed that the contents include literary and technical contributions from the students. I hope that apart from boosting the creativity of students community the magazine will serve as a source of information to all and especially those associated with the technical and engineering aspects of the farming sector.*

*Best wishes to the readers and all associated with this noble venture.*

(K.R.VISWAMBHARAN)

# Message



*I am glad to learn that the Students Union 2007-08 of KCAET, Tavanur is releasing annual College Magazine 'JWALA' for the year 2007-08.*

*The College Magazine is undoubtedly one of the best ways to develop creative ideas and talents of the students. I am confident that the magazine would serve as a good exposure to the various activities and achievements of the Institution.*

*My good wishes for the success of the venture.*

*Dr. V. GANESAN*
*DEAN*

## Advisors Voice



Er. Renuka Kumari. J.

I am very glad to be associated with the
publication of
**"JWALA"**
May the message of
Agricultural Engineering be passed on to
the farmers of our country.
I wish the endeavour all success

Staff Editor



# Editorial

നിങ്ങൾക്ക് താപം അനുഭവപ്പെടുന്നുണ്ടോ താപം. അതെ, ഈ താളുകളിലുണ്ട് ഒരു മാറ്റത്തിന്റെ ജ്വാല ഏറ്റുന്ന താപം. നമ്മുടെ കെ.സി.എ.ഇ.ടി യുടെ സംസ്ക്കാരത്തിൽ നിന്ന് ഉയിർകൊണ്ട ഈ ജ്വാല തീർക്കുന്നത് ഒരു പുതിയ വിപ്ലവമാണ്, പ്രതികരണ ശേഷി നഷ്ടപ്പെട്ട യുവജനതയ്ക്കെതിരെയുള്ള വെല്ലുവിളിയാണ്. ഏറെകാലത്തിനുശേഷം കെ.സി.എ.ഇ.ടി പുറത്തിറക്കിയ "പറയാൻ ബാക്കിവെച്ചത്" എന്ന മാഗസിനു ശേഷം 2007-2008 സ്റ്റുഡന്റ്സ് യൂണിയന്റെ മാഗസിൻ കമ്മിറ്റി നിങ്ങൾക്കറിവുള്ളതുപോലെ പരിമിതമായ കാലത്തിൽ വരച്ചുചേർത്ത ഈ ജ്വാല പ്രതിസന്ധികളുടെ വൈതരണിയിലൂടെ ബഹുദൂരം സഞ്ചരിച്ചു. ആത്മസാക്ഷാത്ക്കാരത്തിന്റെ, ജീവിതമൂല്യങ്ങളെ, പകരേണ്ട പുതിയ അറിവുകളെ, കാക്കേണ്ട വിധികളെ ഈ ജ്വാല പ്രതിനിധീകരിക്കുന്നു.

ഇതിൽ നിറയേണ്ടത്, നിറയുന്നത് സർഗരചനകളുടെ താരതമ്യമല്ല. മൂല്യബോധമുള്ള കർമ്മനിരതമായ ജ്ഞാനത്തെ, കർമ്മരക്ഷയെ മനസ്സാവരിച്ച യുവത്വത്തിന്റെ അണപൊട്ടിയുയരുന്ന സർഗ്ഗശക്തിയാണ്. ഇത് നമ്മുടേതാണ്, നമുക്കിടയിൽ പങ്കുവെക്കുന്നതാണ്, കൂടാതെ നമ്മൾ ഈ ലോകത്തിൽ അവതരിപ്പിക്കുന്നതാണ്. ഈ ജ്വാല അതിന്റെ സകല ഊർജ്ജത്തോടും കൂടി ആളട്ടെ. ഈ നാളുകളിൽ നിറയുന്ന സ്നേഹവും ദ്വേഷ്യവും വിഷാദവും വ്യത്യസ്തതയും പുതുമാറ്റത്തിന്റെ ജ്വാലയ്ക്ക് കരുത്തു പകരുന്നതാവണം. ആത്മസാക്ഷാത്ക്കാരത്തിന്റെ ഉന്നതിയിൽ ഈ രചനകൾ നമ്മെ ചിന്തിപ്പിക്കുന്നു. ചിലതു ചിരിപ്പിക്കുന്നു, ദ്വേഷ്യം പിടിപ്പിക്കുന്നു, ദു:ഖം നൽകുന്നു, ചിലതു പലതും പഠിപ്പിക്കുന്നു.

"യഥൈധാം സിദ്ധമിദ്ധോഗ്നിർ ഭസ്മസാത്കുരുതേർജ്ജുന
ജ്ഞാനാഗ്നി : സർവ്വകർമ്മാണി ഭസ്മസാത്കുരുതേ തഥ......"
(ഭഗവദ്ഗീത)

"കത്തിജ്വലിക്കുന്ന ജ്വാല എപ്രകാരമാണോ വിറകുകളെ എരിച്ചു ചാമ്പലാക്കുന്നത് അപ്രകാരം ജ്ഞാനമാകുന്ന ജ്വാല സകല കർമ്മങ്ങളേയും എരിച്ചു ചാമ്പലാക്കുക എന്നറിയുക ".

ജ്വാല എങ്ങനെയാണോ അശുദ്ധിയെ നീക്കി ശുദ്ധീകരിക്കുന്നത്, എങ്ങനെയാണോ ഊർജ്ജം പ്രദാനം ചെയ്യുന്നത് അതുപോലെ ഈ ജ്വാല ഉള്ളിലെ അലസതകളെ നീക്കി മുന്നേറ്റത്തിനായി ഊർജ്ജം നൽകട്ടെ എന്ന് ആശിക്കുന്നു. അതോടൊപ്പം ഈ 'ജ്വാല'യ്ക്കു പിന്നിൽ പ്രവർത്തിച്ച എല്ലാ സുഹൃത്തുക്കൾക്കും ഞാനെന്റെ ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

ലോകാ സമസ്താ സുഖിനോ ഭവന്തു.!

**ശ്രീകാന്ത് എം.**

# താളുകൾ മറിക്കുമ്പോൾ


ആദ്യത്തെ മനുഷ്യൻ
ചില മഴക്കാഴ്ച്ചകൾ (വേനൽ സമ്മാനിച്ചത്)
യാത്ര.......
ഉൾവിളി
A night dream
കാത്തിരിപ്പ്
മൂന്ന് ചുവട് മണ്ണ്
Child labour The Grave - yard of Childhood
നൊമ്പരപ്പൂവ്
പാതകക്കയറുകൾ
പ്രകൃതീശ്വരി
Poetic Relativity
ചില അനന്തപൂർ ഓർമ്മകൾ
പ്രക്ഷുബ്ധത
മരണം
എന്റെ മനസിലെ സുന്ദരിക്കായ്....
A Lonely Mind
MY MOM
Bringing to life
വൃഥാ ഒരു കാത്തിരിപ്പ്
നിനക്കായ്..........
Kerala and Harthals
ക്ലാസ്മേറ്റ്സ്
ഏകയായ് നിന്നെയും തേടി
നഷ്ടസ്വപ്നം
Modern Indian Youth: Path Finders or Followers?
വായ കീറിയവന്റെ പരാക്രമം
കലാലയമേ, നീ എനിക്ക്...........
ഓർമ്മതൻ പടിവാതിലിൽ.........
നഷ്ടപ്രണയം
ഇഴയുന്ന സംഗീതം
കൂൺകൃഷി, ഹോസ്റ്റലിലും........
പ്രകൃതി
ഓർമ്മയിലെന്നും
ആ മഴ
CHANDRAYAAN - 1 India's first mission to moon
Exploring the outer limits of knowledge
കാത്തിരിപ്പ്
പൊൻമുത്ത്
പുല്ലാങ്കുഴൽ
വിടപറയുമ്പോൾ.........
നിങ്ങൾക്കായി
The First Universities
A - Z Let us talk

# ആദ്യത്തെ മനുഷ്യൻ



അനൂപ് എ.



നഗ്നനാണിന്നു ഞാൻ, നഗ്നൻ
നഗ്നസത്യങ്ങൾ ഞാൻ കാണുന്നു
കാണുന്നു, കണ്ണിൽ തെളിമയുള്ളോൻ
കാലമതു തീർത്തൊരാ ബന്ധനചങ്ങല
പൊട്ടിച്ചിതറി ചിരിച്ചുകൊണ്ടേ
ഞാൻ അലറിവിളിച്ചു ഞാനിന്നു നഗ്നൻ
കാകനികൾ, കാട്ടാറിൻ ശീതള-
മൊക്കെ അറിഞ്ഞും വീണ്ടും പച്ചമാംസം തിരഞ്ഞും
ഞാൻ അലയുന്നു, അലറുന്നു ഞാൻ നഗ്നൻ

വെള്ളിടികൾ വെട്ടിതെളിഞ്ഞുപോയി
ഇരുട്ടിന്റെ ചില്ല തിളങ്ങിട്ടുപ്പോളാ-
ചില്ലതൻ താരങ്ങളെനിക്കുവേണം, എനിക്കുവേണം
അത്ഭുതമാണെനിക്കിലോകമെന്നാകിലും
ആഹ്ളാദമിന്നെന്നെ നെഞ്ചിലേറ്റീടിലും
അടങ്ങാത്ത മോഹമൊന്നുയർന്നെണീപ്പാൻ
ആകാശം മുട്ടുമാ മരച്ചില്ല തേടി ഞാൻ
അഞ്ചടിയുയരത്തിൽ തട്ടിതടയുന്ന മോഹം
കൈനീട്ടി കിട്ടിയില്ല മോഹതാരങ്ങളെ

പേടിച്ചരണ്ടുപോയ് കാട്ടുതീതാണ്ഡവചൂടിലെൻ
കുഞ്ഞിക്കിളിയുടെ ചിറകൊന്നു കരിഞ്ഞുപോയ്
പാവമതു താഴെ തളർന്നു വീണു
ജീവനും തേടിയുഴറവേ, ആർത്തുകരയവേ
ഞാനി കരിഞ്ഞചിറകൊന്നുടച്ചു, രുചിച്ചു
രുചിച്ചു മനസുമദിച്ചു, ഗഗരോദനം മറന്നു
കിളിയെ ചുട്ടെടുത്തു പിന്നെ മനസാക്ഷിയെ തീയിലെറിഞ്ഞു
ആ ചൂടുശ്വസിച്ചുകൊണ്ടേ, ആ രാത്രി ഞാൻ മനുജനായി
രോമം കരിഞ്ഞുപോയ്, ദേഹം വളർന്നുപോയ്
ബുദ്ധി തെളിഞ്ഞുപോയ്, പിന്നെ കറുത്തുപോയ്
എങ്കിലും

വിടരുന്ന പൂവിന്റെ മാനം കെടുത്താതെ
വിടരാത്ത മൊട്ടിനെ പിച്ചിയെറിയാതെ
ഞാനുറങ്ങുന്നു നഗ്നനായ്, നഗ്നനായ്
ഉണർന്നു ഞാനൽപ്പം ഭ്രാന്തുമായ്, ഭ്രാന്തൻ
നഗ്നതയിൽ പരുത്തിവസ്ത്രം പൊതിഞ്ഞു

മോഹം അടങ്ങാത്ത മോഹം
അഞ്ചടിയുയരത്തിൽ തട്ടിതടയുന്ന മോഹം
തട്ടിയെടുക്കാൻ, കയ്യുയർത്തേ, കണ്ണുയർത്തേ
കണ്ടു ഞാൻ വെളുത്ത കോൺക്രീറ്റ് മേൽക്കൂര
കിളിയുടെ വയറിലെ ബാക്കിമാംസവും പിന്നെ
അമ്മയുടെ അകിടിലെ ചോരയും പ്രാതലാക്കി
ഞാനിന്നു യാത്രയായി, യാത്രയായി
തെരുവിന്റെ ഗന്ധം നിറച്ചും വഴിസത്രങ്ങൾ തച്ചുടച്ചും
തെണ്ടിയായി ഞാനിരുന്നതു കാണായ്
വിശപ്പിന്റെ തീരാദുഖഃമായ് പിന്നെ
പിന്നെയും കണ്ടു സ്ഫോടനച്ചൂടിൽ ചിതറിയൊരെൻ ദേഹവും
യുദ്ധം തകർത്ത മനസ്സിനെ ഒന്നു ചേർത്തു
പിടിച്ചു കരഞ്ഞാർക്കുന്ന എന്നെയും
വാളിന്റെ മൂർച്ചക്കൂട്ടി, ബോംബിൽ വിഷതരിനിറച്ചും
തോക്കിൻകുഴലിൽ കഥ രചിക്കും ഞാനെന്നധിപനെയും
തെരുവിലെ കാഴ്ചകൾ ഒന്നായ് കഴിഞ്ഞുപോകെ
കണ്ടു ഞാൻ എന്റെ പ്രതിമയ്ക്കു കൈകളില്ല
തച്ചുടച്ചു ഞാനാ കൈകളിന്നതും മറന്നു.

കണ്ടുനടുങ്ങി കള്ളനാം എന്നെ ഞാൻ
കണ്ടവിടെ കഴുകൻ കൊത്തിപറിച്ച എൻ ഹൃദയവും
കരയുവാൻ മറന്നു, ഞാനീകാഴ്ചകൾ തീരാത്തമോദമായ്
തെണ്ടിയായ് തിരഞ്ഞും, കൈകാൽ മുറിഞ്ഞും
ചവർകൂനയിൽ വിരുന്നുണ്ണുന്നൊരെൻ ബാല്യവും
ഒരു വൃദ്ധമന്ദിരത്തിൽ ഇരുട്ടമൂലയിൽ എൻ വാർദ്ധക്യവും
ഞാൻ നടന്ന വഴിയേ, ഇതാ എന്നെ നോക്കി കരയുന്നു
ലഹരി തിന്നരെൻ യൗവനമിപ്പോൾ കരണത്തടിച്ചതും
വിശപ്പുകൊണ്ടമ്മ എൻ ശിശുശരീരം കടിച്ചു ഭക്ഷിച്ചതും
ഞാൻ കണ്ടുവോ?

കുതിച്ചുപാഞ്ഞൊരെൻ കാറു തെറിപ്പിച്ച
ദുഷിച്ച ചാൽവെള്ളമിപ്പോൾ നാറുന്നു, നാറ്റുന്നു രൂക്ഷം
കരിഞ്ഞൊരെൻ കാടിന്റെ, കറുത്തപുഴയുടെ രോദനം കേട്ടില്ല-
യെങ്കിലും എന്റെ വസ്ത്രങ്ങൾ വെളുപ്പുതന്നെ
തെണ്ടിയായ്, പൊട്ടനായ്, കാമവെറിയനായെന്റെ-
പല മുഖങ്ങൾ ദൂരെ കടന്നുപോകെ
എന്റെ രക്തമിറ്റു തൂവാല നനഞ്ഞതുപോലറിഞ്ഞില്ല
ഞാൻ നടക്കുന്നേകനായ് ഈ തെരുവിലൂടെ
കാലം നടന്ന വഴിയിലൂടെ
ഒരു പാടുദൂരമിനി താണ്ടുവാനുണ്ടെങ്കിലും
ഒരു പാടു കാഴ്ചകൾ ഉണർന്നെണീറ്റിടിലും
ഞാൻ ചിരിച്ചു കൊണ്ടേ ഓന്നോർത്തുപോയ്
ഞാനായിരുന്നോ ആ നഗ്നൻ
ആദ്യത്തെ മനുഷ്യൻ



# ചില മഴക്കാഴ്ച്ചകൾ (വേനൽ സമ്മാനിച്ചത്)



ദിനേശ് പപ്പൻ. ഡി



**ഒന്ന്**

**ഗ്വാളിയോർ (ഫ്ളാഷ് ബാക്ക്)**

കാലം തിരിച്ചു നാം ഇനിയും ചരിയ്ക്കണം
ഒരു നൂറുകാതങ്ങളിപ്പുറം
ഇതു ഗ്വാളിയോർ
മണ്ണിലും സംഗീതമുണരുന്ന നാട്
കാറ്റിലും വേണുനാദം പാൽചുരുത്തുന്ന
കനവുകൾ ഹിന്ദോളമാലപിക്കുന്ന-
ഹൃത്താളമിന്നും ദുന്ദുഭി കൊട്ടുന്നു-
താൻസെന്റെ നാട്
സിത്താറിന്റെ തന്ത്രികൾ
ഇവിടെ
മേഘമൽഹാരമാലപിച്ചിരുന്നു
ഇതു ഗ്വാളിയോർ
മീയാതാൻ സേന്റെ ഗ്വാളിയോർ

**രണ്ട്**

**കേരളം (ഇന്ന്)**

എരിവെയിൽ ചൂടേറ്റ്
നിരാശനായി
ഹൃദയമുരുകി മരിക്കുന്ന
വേഴാമ്പലിനെ നോക്കി
കൊക്കക്കോളാ പരസ്യത്തിലെ
ഹൃതിക് റോഷൻ പറയുന്നു
'ഈ മനസിനു വേണം മോർ'

ജേസീബിയുടെ
യന്ത്രക്കൈകളെ പേടിച്ച്
ഓടിയൊളിച്ച വയലുകൾ
ഒടുവിൽ ആത്മഹത്യാക്കുറിപ്പെഴുതി

ചോരയോട്ടം നിലച്ച വയലുകളെ
നോക്കി
നെടുവീർപ്പിടുന്ന
കുളക്കോഴികൾ
കുഞ്ഞുങ്ങളോട് പറയുന്നു
'പണ്ടിവിടെ ഒരു നദിയുണ്ടായിരുന്നു'

ആകാശത്തിനും മീതെ
കോൺക്രീറ്റ് കാടുകൾ ഉയർത്തുന്നു
മനുഷ്യൻ
മഴയെ മറന്നുപോയിരുന്നു

പക്ഷേ
കൃത്രിമ മഴയുണ്ടാക്കാൻ
ഓക്സിജനും ഹൈഡ്രജനും
അവന്റെ കയ്യിലുണ്ട്.

**വീണ്ടും ഗ്വാളിയോറിലേക്ക്**

ഇനി വരൂ താൻസേൻ
സമയമായ്
താങ്കളുടെ മേഘമൽഹാരം ചുരത്തുവാൻ
ഒരു വേളമാത്രം
കരിഞ്ഞൊരീ പുൽനാമ്പിൽ
അമൃത വർഷം നിറച്ചീടാൻ.

**അന്ത്യരംഗം**

താളപ്പൊലിമ
മുറുകിമുറുകി
ഒടുവിൽ പ്രകൃതിയുടെ
ശമനതാളം
കാത്തിരിക്കുന്നു ഞങ്ങൾ
ആർത്തലയ്ക്കുന്ന മഴ
ഒരു വെള്ളിനൂലിന്റെ നേർമ്മയിൽ
ഇടിനാദമുണരുന്നു
മിന്നലും..........
ഒക്കെ ഞാനിന്നു കാണുന്ന
സ്വപ്നം





റാഷിദ. റ്റി.എ.

# യാത്ര......

മുന്നിൽ കണ്ട നീണ്ട ഇടവഴിയിൽ
പരിചയമില്ലാത്ത കുറേയേറെ മുഖങ്ങൾ.....
ആടിത്തീരും മുമ്പേ.,
അഴിഞ്ഞുവീണ വേഷങ്ങളാണവയെല്ലാം,
'എനിക്കിനി നിന്റെ കാലടിയിൽക്കിടന്നു,
പിടയേണ്ട കാര്യമില്ല.....'
പൊയ്മുഖങ്ങളുടെ കൂട്ടത്തിൽ
ഈ വേഷം നിനക്കിനി അഴിച്ചുവെയ്ക്കാം.....
ഈ വഴിയിൽ എനിക്കായ് നിന്റെ
സായാഹ്നങ്ങളെ ചിലവഴിക്കേണ്ടതില്ല,
നീണ്ട യാത്ര സമ്മാനിച്ച -
നിമിഷമാത്രമായൊരു പരിചയപ്പെടലായ്
കണക്കാക്കികൊൾക.......
യാത്രയിൽ കാണും മുഖങ്ങളെ മനസ്സിൽ,
സൂക്ഷിക്കരുതെന്നാരോ പറഞ്ഞതോർത്തു ഞാൻ........
അനുഭവങ്ങൾ പാഠമാവുമ്പോൾ
യാത്രക്കാരിലൊരാളായ് മാറി,
ഞാനും; നീയും.....................





സരിത പി.ജി.

# ഉൾവിളി

ഒലിക്കുന്ന വിയർപ്പ്, മണ്ണിന് ദാനമായ് നൽകി അയാൾ. വീണ്ടും വിറക് കീറിക്കൊണ്ടേയിരുന്നു. അയാൾക്കെത്ര പ്രായം കാണും? നാല്പത്തിയഞ്ചോ അതോ അമ്പതോ? എന്തായാലും പ്രായമായെന്നറിയാം. എന്നിട്ടും എന്ത് ചുറു ചുറുക്കോടെയാണ് അയാൾ വിറകു കീറിക്കൊണ്ടിരിക്കുന്നത്. എനിക്ക് പെട്ടെന്ന് ചിരിയും അച്ഛനെക്കുറിച്ചുള്ള ഓർമ്മയും വന്നു. ഒരു ചുള്ളിക്കമ്പ് ഒടിക്കുമ്പോൾ പോലും ക്ഷീണിക്കുമായിരുന്നു അച്ഛൻ. `വേലായുധാ.......വാ ചായ കഴിക്കാം'. അമ്മയുടെ വിളി മനസിനെ ചിന്തകളിൽ നിന്നുണർത്തി അയാൾ പെട്ടെന്ന് എന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചു. പിന്നെ തോർത്തെടുത്ത് മെല്ലെ മുഖം തുടച്ച് ടാപ്പിനടുത്തേയ്ക്ക് നടന്നു. കൈയും കാലും കഴുകി അയാൾ പടികളുടെ മതിലിൽ പിടിച്ചു നിന്നു.

`നീയിങ്ങോട്ടു കയറിവാ, വേലായുധാ...........' അമ്മ പറഞ്ഞു വേണ്ടമ്മാളേ, എനിക്ക്ക്ട് തന്നാമതി. ഞാങ്കഴിച്ചോളാം. അമ്മ പാത്രം അയാൾക്കു നേരെ നീട്ടി. വിശപ്പുണ്ടെങ്കിലും ആർത്തിയേതുമില്ലാതെ അയാൾ മെല്ലെ കഴിച്ചു കൊണ്ടിരുന്നു. അങ്ങനെയാണയാൾ, ആർക്കും എളുപ്പം പിടികൊടുക്കില്ല. അച്ഛന്റെ വലിയ സുഹൃത്തായിരുന്നു. എന്തിനും ഏതിനും കൃഷ്ണേട്ടാ.....

കൃഷ്ണേട്ടാ.................. എന്ന് വിളിച്ച് അച്ഛന്റെ പുറകെ നടക്കുമായിരുന്നു. ആദ്യമെല്ലാം അയാളോട് വെറുപ്പാണോ, പുച്ഛമാണോ എന്നെനിക്കു പോലും അറിയില്ലായിരുന്നു. പക്ഷേ അമ്മ പറഞ്ഞ് അയാളെക്കുറിച്ചറിഞ്ഞപ്പോൾ അഭിമാനവും ആദരവും തോന്നിപ്പോയി.

വേലായുധൻ ഇവിടുത്തുകാരനല്ല. എവിടെ നിന്നോ വന്ന് കുടിയേറിപ്പാർത്തവനാണ് അന്ന് അയാളുടെ കൂടെ ഒരു സുന്ദരിയും ഉണ്ടായിരുന്നു. ഏതോ തറവാട്ടിലെ പെൺകൊടി! സ്നേഹിച്ച പെണ്ണിന്റെ കൈയ്യും പിടിച്ചു വന്നതാണയാൾ. സന്തോഷകരമായി ആ ദാമ്പത്യം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. ആ ദാമ്പത്യവല്ലരിയിൽ മൂന്നു സൂനങ്ങളും വിരിഞ്ഞു. പക്ഷേ വിധിവൈപര്യയം എന്നല്ലാതെ എന്തു പറയാൻ. രണ്ടാമത്തെ കുട്ടി ജന്മനാ ബുദ്ധിവൈകല്യമുള്ളവനായിരുന്നു. അങ്ങനെയിരിക്കെയാണ് ആ ആകസ്മിക സംഭവമുണ്ടായത്. ഒരിക്കൽ അയാൾ പണി കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ അതാ അവൾ തറയിൽ വീണു കിടക്കുന്നു. അയാൾ ഓടിച്ചെന്നു. പക്ഷേ.... എല്ലാം കഴിഞ്ഞിരുന്നു.

പിന്നീടയാൾ തനിച്ചായിരുന്നു. വേറെ ഒരു വിവാഹം കഴിക്കാൻ എല്ലാവരും അയാളെ നിർബന്ധിച്ചു. പക്ഷേ അയാൾ വഴങ്ങിയില്ല. മക്കൾക്കു വേണ്ടി ജീവിക്കുന്ന ഒരു മനുഷ്യൻ.

അമ്മ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളുമെല്ലാം പൊതിഞ്ഞു കെട്ടി അയാൾക്കു കൊടുക്കുമായിരുന്നു. അയാളുടെ വീട്ടിലെ നക്ഷത്രക്കണ്ണുള്ള ആ പത്തു വയസുകാരി കുഞ്ഞു സുന്ദരിയ്ക്ക്. രണ്ടോ മൂന്നോ തവണയെ ഞാനവളെ കണ്ടിരുന്നുള്ളൂ. പക്ഷേ അവളൊരു കിലുക്കാം പെട്ടിയായിരുന്നു. അയാൾക്ക് എപ്പോഴും അവളുടെ കാര്യം പറയാനേ നേരമുണ്ടായിരുന്നുള്ളൂ. അപൂർവ്വമായേ അയാൾ സംസാരിക്കാറുള്ളൂ. പക്ഷേ അയാളുടെ സംസാരത്തിലെല്ലാം അവൾ വരാറുണ്ടായിരുന്നു. രണ്ടു ചേട്ടന്മാരെയും അവൾ നോക്കുന്ന കാര്യം പറഞ്ഞ് അയാൾ എപ്പോഴും ചിരിക്കുമായിരുന്നു. അന്ന് പണിയും കഴിഞ്ഞ് അയാൾ പോയപ്പോൾ ഏറെ വൈകിയിരുന്നു.

പിന്നെ കുറേ നാളത്തേയ്ക്ക് എനിക്ക് നാടുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല. ജോലി സംബന്ധമായ ആവശ്യങ്ങളുമായി ഞാൻ കറക്കത്തിലായിരുന്നു. തിരിച്ചു വന്ന് എപ്പോഴോ സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയ്ക്കാണ് അമ്മ എന്നോടത് പറഞ്ഞത്. വേലായുധന്റെ മകളെ കാണാതായെന്നും മൂന്നോ നാലോ ദിവസത്തിനുശേഷം അഴുകിയ ആ ശവശരീരം കാട്ടിൽ വിറകു പെറുക്കാൻ പോയ ആരോ ആണത്രേ കണ്ടത്. വിരിയാൻ വിതുമ്പുന്ന ആ പനിനീർപ്പൂവിനെ ഏതോ കാട്ടാളന്മാർ ചേർന്ന്...... എനിക്ക് പെട്ടെന്ന് അത് ഉൾക്കൊള്ളാനായില്ല. പറഞ്ഞു കഴിഞ്ഞ് ഞാൻ നോക്കുമ്പോൾ കാണുന്നത് അമ്മ അച്ഛന്റെ ചില്ലിട്ട പടത്തിനു മുന്നിൽ നിന്ന് വിതമ്പുന്നതായിരുന്നു. അന്ന് ഞാനും അമ്മയും ആ ഫോട്ടോയ്ക്ക് മുന്നിലിരുന്ന്. കെട്ടിപ്പിടിച്ച് ഒരു പാടു നേരം കരഞ്ഞു.

പിന്നെ മൂന്നോ നാലോ മാസങ്ങൾക്കു ശേഷമാണ്. ഞാൻ വേലായുധനെ കണ്ടത്. അയാൾ അമ്മയെ കാണാൻ വന്നതായിരുന്നു. ഞാൻ ഇറങ്ങിച്ചെന്ന് അയാളുടെ അടുത്ത് ചെന്ന് സമാധാനിപ്പിക്കാനായി ആ കൈ പിടിച്ചു. പെട്ടെന്നയാളുടെ നിയന്ത്രണം വിട്ടുപോയി. മോളേ എന്നു വിളിച്ച് എന്നെ കെട്ടിപ്പിടിച്ച് അയാളന്ന് ഒരുപാട് നേരം കരഞ്ഞു പോയി. അയാളെ സമാധാനിപ്പിക്കാൻ എനിക്ക് കഴിഞ്ഞില്ല. പിന്നെ വിതുമ്പിയും വിങ്ങിയും നടന്നു നീങ്ങുന്ന അയാളുടെ ഒരു അവ്യക്തമായ ചിത്രം മാത്രമേ ഇന്നും എന്റെ മനസിലുള്ളൂ. അപ്പോഴേക്കും എന്റെ കണ്ണിൽ കണ്ണുനീർ നിറഞ്ഞ് ഞാൻ അന്ധയായിപ്പോയിരുന്നു. എന്റെ കാതിൽ പെരുമ്പറകൾ മുഴങ്ങി ഞാൻ ബധിരയായിരുന്നു..........ആരെങ്കിലും എന്റെ നാക്ക് മുറിച്ചെടുത്തിരുന്നുവെങ്കിലെന്ന് ഞാൻ ആഗ്രഹിച്ചു പോയി.



# A night dream

G.K. Krishnanunni



In the midst of a sleepy night
I had a beautiful dream,
travelling across unseen worlds
with a cool breeze blowing across my body
it's were the unhappen happens.

What surrounds me is amazing
the green woods, the mountains,
the hills and the valley just
kissing the foot hills.

As I am in this place
the mind is refreshed by its sounds
the heart in light,
the coldness and low breezes just
thrills me,

But now I feel the change
the cool breeze is gone,
where are the bush woods,
majestic mountains and the hills
has, all vanished

Something is hissing at my ears,
Something is striking my body
like the thrones of a desert,
oh! Really I,m in a desert

As I opened my eyes,
What I saw was
still fan with so many
blood drinkers around my face,
it's load shedding.



# കാത്തിരിപ്പ്

അനിൽബാബു. എ. കെ



ഇന്ദ്രന്റെ കനിവാൽ അവൻ വന്നു
ഈ ചുടുകാറ്റ് നിറഞ്ഞ ഭൂവിലേക്ക്
ഉള്ളം തെളിവോളം ജലം തന്നു
അവൻ ഉള്ളിന്റെയുള്ളും തണുപ്പിച്ചു

ഒരിക്കലും വരില്ലെന്ന് കരുതിയ ഭൂവിൽ
തണലായ് വീണ്ടും അവൻ വന്നു
മനുവിന്റെ പുത്രനാം മാനവന്റെ
ദുഷ്ചെയ്തികൾ കണ്ടവൻ നടുങ്ങിപോയി

തരുനിര കുത്തി മറിച്ചതു കണ്ടപ്പോൾ
തണലായി വീണ്ടും വരില്ലെന്നോർത്തു (പക്ഷേ)
ലക്ഷാപലക്ഷം ദുഷ്ടരിലുമിടയിൽ
ഉള്ളിൽ കനിവുള്ളവരുണ്ടായിരുന്നു

നാശത്തിൻ വക്കിലെത്തിയ ഭുവിനെ
വീണ്ടും പുതുക്കാനവൻ ശ്രമിച്ചു
തരുനിരയെങ്ങുമുണ്ടാക്കി വച്ചു, അവർ
തണലായി ഭൂവിന് നിന്നു.

വറ്റിവരണ്ട പുഴകളും കുളങ്ങളും
വീണ്ടുമുണ്ടാക്കാനവനെ കാത്തിരുന്നു
നന്മതൻ വിളികേട്ട് അവൻ വന്നു
വീണ്ടും ഭൂവിന് തണുപ്പായ് മഴ വന്നു.



ഹബീബ് റഹ്മാൻ. പി.



# "മൂന്ന് ചുവട് മണ്ണ്"

നിളാ ദേവി പൊറുക്കുക!
നിന്റെ യാഗത്തിലേക്ക് വന്ന വാമനനാണു ഞാൻ!
നീ എനിക്ക് മാപ്പു നൽകുക!
നിന്റെ യാഗം മഹത്വമെന്നറിയാം!
നീ ജീവജാല വാഹികയെന്നറിയാം!
പക്ഷെ എന്റെ കുഞ്ഞുങ്ങൾ!
എന്റെ വരും തലമുറ!

ക്ഷമിക്കുക! നിന്റെ യജ്ഞത്തിൽ-
കൂടാൻ വന്നതല്ല ഞാൻ!
നിന്നിൽ നിന്ന് ദാനം സ്വീകരിക്കാൻ!
ജീവജലമല്ലെന്റെ നേട്ടം!
എന്റെ കുഞ്ഞുങ്ങൾക്ക് !
എന്റെ വരും തലമുറയ്ക്ക്!
തല ചായ്ക്കാൻ ഒരു കുടിലിന് -
മൂന്ന് ചുവട് മണ്ണ്!



Nishna Sathyan

# Child labour

## The Grave yard of Childhood



When our student editor told me to write an article, being a part of nation like India I never found any scarcity for topics which is having ample scope for being converted into an article . Nuclear deal, inflation, cross border terrorism, Chandrayan altogether, I was in a big dilemma. Then I asked mother India what is that bitter fact which brings tears in her eyes, then the only answer which I got was, its the thought of those millions of childhood which get crushed in factories, mines, hotels etc. These broken stars from heaven are fighting with their destiny and struggling each day for existence. At this small age these stars begin to realize most painful truths of life.

Childhood is considered to be the most beautiful part of life. which is supposed to be filled with taste of choclates, flavours of ice-creams, colours of baloon............

Millions of children are there in India who never enjoyed these sweet taste of life. They were working whole day for having food once a day. They don't know what is school and who is teacher. They didn't have X'mas, Id or Diwali. Their little hands and weak shoulders were subjected to the mind blowing hotness of life. They were severely exploited by this cruel world.

The future of a community is in the well being of its children. This fact is beautifully expressed by Wordworth in his famous line. 'Child is the father of man'

So child labour is one of the biggest crime towards the whole community. Child labour not only retards the growth of a child but also the development of whole nation. So it become imparative for the health of nation to protect its children from premature labour, which is hazardous to their mental, physical, emotional and spiritual development.

Child labour is a conspicious problem in India. Any child who employed in activities to feed self and family is being subjected to 'child labour'. Poverty and parental illiteracy are the major causes for child labour in India. The parents who were not able to feed their children, were forced to send them to the hazardous work places. It was often found that at these work places childrens were over exploited, they have to work beyond their mental and physical capability.

There are about 218 million child labours under the age of 14 world wide and 15 million in India. 85% of them are from rural pockets. Children in rural families struggling with proverty percieve their children as income generating resource to supplement their family income.
50.2 percent of these child labours work for seven days a week for less than Rs.10 for 16 hours. Their meals are fregul and they were often ill nourished.

Globally at least 126 million children work in hazardous condition and 1.8 million are forced into prostitution. Child labourer's are prefered because they are easier to exploit and paid less than adults. Children from poor households are usually discouraged from going to school and forced to join elders in the work thus crushing the tenderness of these childhood. These children are less resistant to disease and suffer more rapidly from chemical hazard and radiation.

Studies show that every fourth child in the age group of 5-15 is employed, 20% of countries GNP is contributed by child labour. India is the largest producer of child labour and illitracy in earth. The magnitude of child labour has increased from 11.59 million in 1991 to 12.66 million in 2001. In India there are laws which makes the employment of children below 14 illegal except in family enterprise. This law rarely adhered due to practical difficulties. Factories find loopholes and circumambient the law by declaring that the child labourer is a distant family member. Thus these children are rightfully subjected to the exploitation of the factory owners.

Child labour are often considered to be a 'necessary evil' in poor countries such as India for the maintenance of their family. The question to be asked is whether it is justifiable to allow children from poor familes to undergo physical, cognitive, emotional and moral hazard because they must help their families. Is the joy of childhood is only for some privilaged children?

Still remembering that cute little face of 'Venu' a boy of seven , doing building construction work. I met him during my training at Anantpur. I first saw him when, after hours long work he was drinking water from cooler. After quenching his

thirst he just noticed me, given me a sweet smile and begin to ask something in his language. I came to know that he was asking my name, I said my name and asked his name. He was having thousands of doubts and I had to take a huge effort to follow his language. Still I tried my best to answer for his whole query. When I closely noticed him I found that his skin, had rashes due to the continous contact with cement: He was having scars on his hands, legs and forehead. When I touched his palm I found that it was resembling palm of an old man- dark, rough and wrinkled. Quite painfull to see that a boy at an age of seven having a palm of seventy. At that moment I felt ashamed about myself because I and Venu having one mother 'Mother India', so being his sister I was not able to protect my little brother and his childhood. I was having enough time for conversation but Venu doesn't have much time because his little hands were behind the construction of the new building block of that educational institution.

It's an undoubted fact that child labour will retard the growth of whole nation. To eradicate child labour 76 child labour project have been sanctioned and child labour project scheme for covering 1,50,000 children. Children working in 57 hazardous industries covered under this project. Government plans like Sarva Shiksha Abhiyan is being implemented. Like this government had taken initiative to a number of project for the eradication of child labour. Unfortunately these movements dosn't fetch much of its goal due to lack of proper planning and faulty implementation of these projects.

Eradication of child labour can be achieved only by the integrated effort of whole nation. Don't consider child labour as a fate of these children, but consider protection of these children as our responsibility. These little champs were blessed with unbounded talents, they only need is a touch of care, and a word of share,just try to enlighten their lives by giving them a glimpse of light.

Without protecting these children our nation can't enjoy the exact taste of its freedom. These little hands and muddy heads can do miracles. They are having the potential for changing the whole outlook of our nation. But these unprivilaged children never get opportunities for enclosing their unbounded talents.

Eradication of child labour and protection of these childhoods are the real responsibility of a nation. Whenever you didn't find much taste for your food and dump it in the waste basket, always remember that you are living in a nation where millions of children were fighting day and night for having food. If you are concerned much about your sanitation then do remember that in your nation lots of children were engaged in manual scavenging.

Try to protect these children and their childhood because they are the real manifestation of God. Protecting them means you are utilizing the opportunity given by God to protect himself.



സബിത. കെ. ടി.



# നൊമ്പരപ്പൂവ്

ഒരു തൂവൽസ്പർശമായണയുന്ന മന്ദമാരുതനിൽ
ഞാനറിയാതലിഞ്ഞിരുന്നെങ്കിൽ
അതിലാനന്ദ ബാഷ്പമായ് നീർത്തുള്ളികൾ
വീണിരുന്നെങ്കിൽ
എൻ സ്വപ്നജാലകം തുറന്നെന്നെ
തഴുകി ഉണർത്തുന്ന മഞ്ഞിൻകണത്തെ,
നോക്കി ഞാൻ പുഞ്ചിരി തൂകുമ്പോൾ,
പതുങ്ങിവന്നെത്തുന്നൊരിളവെയിൽ
എൻ മഞ്ഞുതുള്ളിയെ കവർന്നെടുത്തു.
ഇളവെയിലെൻ കാതിൽ ഒരു കിന്നാരമോതുമ്പോൾ
എന്നെ തഴുകിയുറക്കിയതൊരു കുഞ്ഞുകാറ്റിൻ
താരാട്ടോ,? അതോ എന്നമ്മതൻമാറിലെ ചൂടോ?
ഉറക്കത്തിൽ ഞാൻ അറിഞ്ഞൊരെൻ പൂന്തേനു
ണ്ണാൻ എത്തിയൊരെൻ കൂട്ടുകാരനെയും,
എന്നിലെ സുഗന്ധം നുകരുവാനെത്തുന്ന കാറ്റും
ചാരത്തായ് എന്നെനോക്കി ചിരിതൂകുന്നൊരെൻ
പ്രിയകൂട്ടുകാരന്റെ നിറച്ചാർത്തും, എല്ലാം..........
എന്നിൽ ആനന്ദത്തിൻ അലകൾ ഒഴുക്കി.
ആകാശജാലകവാതിൽ തുറന്നൊരു പറവയായ്
പറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എൻ
ദളങ്ങൾ വെറുതെ മോഹിച്ചുപോയ്.....
കാറ്റിന്റെ ഈണവും, വണ്ടിന്റെ മൂളലും
അതിൽ നൃത്തമാടുന്ന എന്നിലെ ഇലച്ചാർത്തും
ഇതാണെൻ പിരിയാത്ത ജീവതാളം.
ഏതോ ഒരു യാമത്തിൽ എന്നെ തഴുകിയ
കുഞ്ഞിക്കാറ്റെൻ ചേതനയെ അടർത്തി,
ഭൂമിയുടെ മാറത്തു ഞാൻ ചേർന്നുറങ്ങുമ്പോൾ
അറിയുന്നുവോ കൂട്ടുകാരാ നീയെൻ നൊമ്പരം?



# പാതകക്കയറുകൾ

ഗ്രിറ്റി. പി.റ്റി.



അവിടെ നിന്നും ഞാനെത്ര ദൂരം
അന്ധകാരത്തിന്നന്ധതയിൽ
അന്ത:കരണമുരുകുന്ന വേദന
അഗ്നിയുരുകുന്ന ശീഘ്രത.

കടഞ്ഞെടുക്കുന്നു ഞാനെന്റെ ചിന്തകൾ
കണ്ണുനീരിന്റെ നീരസച്ചൂളയിൽ
കണ്ണിലാകെ പുകനിറയുന്നു.
കപടലോകത്തിൻ നീലപ്പുക........

നിഷ്കളങ്കമാമെൻ ഹൃദയസാഗരം
നിങ്ങളിന്നു കടയുന്ന ക്രൂരത
നിങ്ങളെന്നെ ബീഭത്സമാക്കി
നിങ്ങളിന്നെന്നെ തടവിലാക്കി.

ഇരുളിലേക്കു ഞാൻ മറ നീക്കി നോക്കി
ഈ മനോഹര പൂന്തോട്ടമാകെ,
ഈണമില്ലാതെ പാട്ടുകൾ പാടി ഞാൻ,
ഇവിടെ നാളെയെന്നോർമ്മകൾ മാത്രം........

ജീവചക്രം തിരിക്കുന്ന മോഹരഥ
ജീവിതാന്ത്യത്തിലുലയുന്ന മർത്ത്യൻ,
ജീവനത്തിനായ് കൈകുമ്പിൾ നീട്ടുന്നു...
ജീവിതാശ്യം കിതയ്ക്കുന്നു വീഥിയിൽ.....

ആത്മചൈതന്യ ഗീതികൾ നിർത്താൻ
അനുഗമിക്കുന്നു മരണസങ്കീർത്തനം!
അലയടിക്കുന്നു അന്ത്യസങ്കീർത്തനം!
ആടിയുലയുന്നു 'പാതകക്കയറുകൾ'!

മരണമാഴിയിലേക്കു ഞാൻ ജീവിത-
മച്ചിലാടിക്കിടന്നൊന്നു നോക്കി,
മരണമോടെ ഞാൻ 'തരകരാജാധിപൻ'!
മണിമുഴങ്ങുവാനിനിയെത്ര നേരം?

എത്ര പഴകിയെന്നോർമ്മകളേതോ..
എപ്പോഴോ ഞാൻ തെറ്റുകാരൻ!
എവിടെയോ ഞാൻ കൂട്ടിലാവുന്നു!
എന്തിനോ ഞാൻ തൂക്കിലേറുന്നു!

ചിന്തയേറുന്നു.... ചിരിവരുന്നു....വെറും
ചില്ലുടയ്ക്കുന്ന ലാഘവം മരണം!
ചിതറിവീഴുന്നു മരണമഷി ജീവിത
ചിത്രമെഴുതിയ പത്രികയിൽ!

അന്തരംഗത്തിലൊരു കൊച്ചു ദീപം,
ആളിയണയുവാനിനിയെത്ര നേരം?
അവിടെ നിന്നിനിയെത്ര ദൂരം?
അവിടെയെത്താനിനിയെത്ര ദൂരം???



**Aneeshya Kamal K.S.**



# പ്രകൃതീശ്വരി

എന്നും സൂര്യ കിരണങ്ങളാൽ തഴുകിയുണർത്തുന്ന
എൻ പ്രകൃതീശ്വരീയെത്ര സുന്ദരി, ധന്യ നീ
അവളുടെ കാലൊച്ചകൾ അലതല്ലുംപോൽ
എൻ മനം തുടിക്കുന്നു താളതിമിർപ്പിൽ
അവൾ തൻ സ്നേഹമാം സാഗരത്തിൽ
ഞാൻ എൻ ഹൃദയത്തിൽ മണിവീണ മീട്ടുന്നു
അതെൻ മധുരമന്ത്രങ്ങളെ തെളിയിക്കയായ്,
പ്രണയാദ്രമാക്കയായ്
എത്ര ജന്മങ്ങൾ തൻ പൂർണ്ണ കർത്തവ്യ
ങ്ങളെനിക്കർപ്പിക്കേണ്ടവേ
ഞാൻ എൻ ജന്മസാഫല്യങ്ങൾ തൻ-
പൂർത്തിതേടി നിർവൃതി പൂണ്ടു മയങ്ങവേ
ഞാൻ, ഒരന്യയോ എൻ ജനനിക്ക്
ഒരു തന്മാത്ര തൻ ക്ഷണഭംഗുരതയിൽ
ഈ ലോകമാം അക്ഷയപാത്രം-
നിശ്ചലമാകവേ
അറിയാതെ പറ്റിയ തെറ്റുതൻ മരീചികയിൽ
ഞാൻ തുഴയവേ
എൻ ഹൃദയ മണികൾ മുഴങ്ങുന്നു

പച്ചപരവതാനിയിൽ വർണ്ണചാതുരതകളാൽ
സുന്ദരീമണിയവൾ, യുവതിയോ
അവൾക്ക്, എന്നും ചന്ദനലേപ സുഗന്ധി
തൻ ചൂര്
അവൾതൻ ചിരിയും കരച്ചിലും പിണക്കവു-
മിണക്കവും
എന്നും ഒരു പിഞ്ചോമനതൻ വാൽസല്യലാവ
ണ്യങ്ങൾ
അവളുടെ നേരിയ ഓർമകളിൽ പോലും
ഈശ്വര ചൈതന്യത്തിൻ പ്രകാശധാരകൾ
ഒരു മൺ ചുമരിന്റെ അക്കരെ - അക്കരെ
എന്നു തോന്നവേ
അവയെല്ലാം ഒരനർഘമാം വൈദൂര്യം
എന്നും എൻ ഓർമകൾ തൻ
നേർത്ത മഞ്ഞിൻ കണങ്ങളിൽ
അവൾ ഒരു കുളിർ കാറ്റുപോൽ
ഹേ ഹൃദയത്തിൻ ജീവനാഡിയേ
നീയൊരപൂർവ്വ-
വാൽസല്യത്തിൻ ചൈതന്യം
നിന്നിലുണ്ടായ ഞാനെന്ന സത്യത്തെ
ഞാനീ ലോകത്തെ സമർപ്പിക്കവേ
നീ എൻ പശ്ചാത്യത്തിൻ നെടുംതൂൺ
എൻ വ്യക്തിവൈഭവം
ഒരായിരം നന്ദി തൻ വർഷചാരുത
എന്നും നിന്നിൽ ചൊരിഞ്ഞീടുന്നു ഞാൻ
ജീവിത ദൗത്യത്തിൻ പാത തെളിയിച്ച്
എന്നും എന്നിൽ സ്പുരിച്ചീടുക
എൻ ജഗദംബികേ............







**Sumit Kumar Jha**

# Poetic Relativity

THE PEN WAS DOWN,
the sheet was up,
with legends on its coat.
The year was nineteen o five,
And Einstein as a writer
wrote–
Legends where later to
open,
The quantum theory's doors
with Brownian motions haphazard jerks,
Made world feel its roars.

It even paved the way to-
The theory of relativity.
Not end; it was beginning of,
Einstein's ultimate creativity.

The year could then get registered,
on Einstein's miraculous sphere
A couple of decades rolled by,
And era of physics was more clear.

Dominance of physics in every walk,
Of life, and its various hues,
Has made this science a potent one,
That has in every year its dues.





അനൂപ് എ.

# ചില അനന്തപൂർ ഓർമ്മകൾ

എന്തു ചൂടാണിത്, തീർച്ചയായും ഈ 11 മണിനേരം ഇവിടെ കുറച്ചു കടുപ്പം തന്നെയാണ്. ഡീസൽ ഓട്ടോ എന്ന 16 പേർ സഞ്ചരിക്കുന്ന ഈ ശകടത്തിനു പുറകിലെ യാത്ര കുറച്ചു വിഷമം തന്നെ. മൂന്നു ഓട്ടോകളിലായി ഞങ്ങൾ 38 പേർ ഗൂട്ടികോട്ടയിലേയ്ക്ക് യാത്ര തിരിക്കുകയാണ്. ശരിക്കും, വിളഞ്ഞു നിൽക്കുന്ന നിലക്കടലതോട്ടങ്ങളോ അണിഞൊരുങ്ങി നിൽക്കുന്ന മൊസാംബിതോട്ടങ്ങളോ ഇവിടത്തെ പച്ചപ്പില്ലായ്മയ്ക്ക് ഒരു പരിഹാരമേ അല്ല. ചൂടേറ്റു പഴുത്ത ലോഹം പോൽ, ചുവന്നഭൂമി അനന്തപൂർ.

യാത്ര അവസാനിച്ചെന്നുതോന്നുന്നു. അത്ര വൃത്തിയൊന്നുമില്ലാത്ത ഒരു തെരുവിന്റെ അവസാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നു. ഒരു വാനരസേന ഞങ്ങൾക്കു ചുറ്റും വന്നു കൂടുന്നു. ഇവിടെ എത്തിയശേഷം ഈ വാനരശ്രേഷ്ഠന്മാർ ഒരുപുതുമയേ അല്ല.

ഞങ്ങൾക്കു മുമ്പിൽ ഒരു വൻമലയുടെ മകളിൽ ഗൂട്ടികോട്ട തലയുയർത്തി നിൽക്കുന്നു. തല ഉയർത്തിയോ അതോ താഴ്ത്തിയോ? എന്തായാലും ഇടിഞ്ഞുപൊളിഞ്ഞു വീണുകിടക്കുന്ന ഇഷ്ടികകൂമ്പാരങ്ങൾ ശരിക്കൊരുത്തരം നൽകുന്നില്ല. ഞങ്ങൾ കോട്ടയുടെ പടികൾ കയറിത്തുടങ്ങി. വാനരസേന മുന്നിൽ നിന്നു മാറാൻ ഉദ്ദേശിക്കുന്നില്ല എന്നു തോന്നി. അവരുടെ വിചാരം അവരാണീ കോട്ട ഭരിക്കുന്നതെന്നാണ്. നൈസാമിന്റെയും വിജയനഗരസാമ്രാജ്യത്തിന്റെയും യുദ്ധസ്മരണകൾ പേറുന്ന പ്രിയകോട്ടറാണീ, ഞങ്ങളിതാ വരുന്നു. ഈ ലോകത്തിന്റെ പുതിയ അവകാശികൾ.

ഈ മലകയറ്റം അല്പം കഠിനം തന്നെ. മനോഹരമായി അലങ്കരിച്ച മോസ്ക്കും അതിനരുകിലെ ഖബർസ്ഥാനും കടന്നുപോകുമ്പോൾ തന്നെ എല്ലാവരും തളർന്നിരുന്നു. വൃത്തിഹീനമായി കിടക്കുന്ന കുളങ്ങളും പ്രാചീനതയുടെ കേളിക്കൊട്ടെന്നവണ്ണം തലയുയർത്തിനിൽക്കുന്ന 4 കോട്ടവാതിലുകളും പിന്നിടുമ്പോൾ തന്നെ നിരാശയോടെ ഇന്ദുലക്ഷ്മി ഒരു സത്യം വെളിപ്പെടുത്തി, കൊണ്ടു

വന്ന കുപ്പിവെള്ളം തീർന്നിരിക്കുന്നു. ആ മല മുകളിൽ വെള്ളം കിട്ടാനുമില്ല. വെള്ളം വേണ മെന്ന് തൊണ്ടയലറുമ്പോൾ കോട്ടമുകളി ലേയ്ക്ക് എന്നവിധം കാലുകൾ തിടുക്കം കൂട്ടി. അവസാനം 100 കിണറുകളും കിടങ്ങു കളും 14 കോട്ടവാതിലുകളും കടന്ന് ഏറ്റവും മുകളിൽ നാം എത്തിച്ചേർന്നിരിക്കുന്നു.

ഹാ, ഇതാര് ടെൻസിങ് നോർഗയോ, എഡ്മണ്ട് ഹിലാരിയോ, കഷ്ടിച്ച് 2000 മീറ്റർ മാത്രമല്ല കോട്ടയുടെ മുകളിൽ നിന്നപ്പോൾ ഞങ്ങൾ ഇവരൊക്കെയായിരുന്നു. ദാഹം മറ ന്നു, കാലിലെ ക്ഷീണം മറന്നു. സൗഹൃദത്തിന്റെ പുതിയ ഫ്രെയിമിൽ മലനിരകളെ സാക്ഷി യാക്കി ഫ്ളാഷുകൾ മിന്നി.

നല്ലൊരു സായാഹ്നം. ഗൂട്ടിമലനിരകൾ ഞങ്ങളെ യാത്രയാക്കാൻ ഒരുങ്ങുകയാണ്. യാത്ര ഇപ്പോൾ നല്ല രസം തന്നെ. സായാഹ്ന ത്തിന്റെ നിഴലുകൾ ഞങ്ങളെ കൂടുതൽ ഉൻമേഷവാൻമാരാക്കി. വിചാരിച്ചതുപോലെ അനന്തപൂർ അത്രമുരടനൊന്നുമല്ല. അങ്ങി ങ്ങായി നെൽപാടങ്ങളും നിരങ്ങി നീങ്ങുന്ന കാളവണ്ടികളും നേർരേഖപോലെ ഗട്ടറില്ലാത്ത റോഡുകളും പൊടിമണ്ണ് പറക്കുന്ന മൺവീഥി കളും, ചുവന്നമണ്ണിൽ ആകാശത്തിന്റെ കുങ്കുമം കലരുമ്പോൾ ഉണ്ടാകുന്ന ഗ്രാമശോ ഭയും ഇവിടം സുന്ദരമാക്കുന്നു. അതാ ട്രാക്ടർ നഗർ എത്തി. അമ്മമല നമ്മളെ മാടി വിളിക്കുന്നു, ഞങ്ങളെ കാത്തു മേശമേൽ നിരന്ന റൊട്ടിയ്ക്കും ദാലിനുമായി എല്ലാവരും ഹോസ്റ്റലിലേയ്ക്ക്.

ഇനി അമ്മമലയെക്കുറിച്ച്, അമ്മമല മെൻസ് ഹോസ്റ്റലിനു പുറകിലായി തല യുയർത്തിനിൽക്കുന്നു. രാവിലെ നേരം ഒന്നു വെളുത്താൽ ശല്യം ചെയ്യാൻ വരുന്ന കുര ങ്ങൻമാർ ഈ മലയിറങ്ങിയാണെത്താറ്. എന്നാലും എല്ലാവർക്കും അമ്മമല പ്രിയങ്കരി തന്നെ. ചരിഞ്ഞതും എന്നാൽ ചില കുത്ത നെയുള്ള കയറ്റങ്ങളും ഉണ്ട്. മുള്ളും കൂർത്ത പാറകഷണങ്ങളും വിതറി മല അതിന്റെ വീഥി എപ്പോഴും അലങ്കരിക്കാറുണ്ട്. രാവിലെ 8.30 മുതൽ വൈകുന്നേരം 5 മണിവരെ നീളുന്ന ട്രെയിനിങ്ങ് ക്ലാസ്സു കഴിഞ്ഞ് തട്ടുകടയിലെ ചായയ്ക്കും എരിവേറിയ മുളകുബജിയ്ക്കും ശേഷം ഈ അമ്മയുടെ മടിത്തട്ടിലാണ് ഞങ്ങൾ വിശ്രമിക്കാറ്. `ഫാം പവർ ആൻഡ് മെഷിനറി' ട്രെയിനിംഗിനെത്തിയ ഞങ്ങൾ 38 പേരും ഈ ഒരാഴ്ചകൊണ്ട് ഇവിടവുമായി നന്നായി ഇണ ങ്ങിയിരിക്കുന്നു. ഭാഷയോടും ഭക്ഷണ ത്തോടും കഠിനജലത്തോടും പ്രതിബദ്ധത കാട്ടിയിരിക്കുന്നു.

ട്രെയിനിംഗ് ക്ലാസുകൾ തന്ന `കരി' പുരണ്ട അടയാളങ്ങളുംപേറി വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ വേപ്പുമരച്ചുവട്ടിൽ ഇരി ക്കുമ്പോൾ ഒരു `വെളിപാട്'. നാളെ താഡി പത്രിയിലെ ബെലും ഗുഹയിലേയ്ക്ക് മുചക്ര ശകടത്തിലേറി അത്ര സുഖകരമല്ലാത്ത ഗ്രാമ വീഥിയിലൂടെ ഒരു സാഹസയാത്ര. ചൂട് ഒട്ടും കരുണ കാണിക്കാത്ത ഗ്രാമവീഥികളിൽ അത്യന്തം നയനമനോഹരങ്ങളായ ചില കാഴ്ച കൾ, പൂത്തുനിൽക്കുന്ന സൂര്യകാന്തിപ്പാടം, വിളഞ്ഞുനിൽക്കുന്ന ചോളം. പച്ചയോടെ ആശ്വാസത്തോടെ അങ്ങിങ്ങായി നെൽപാട ങ്ങൾ വരിവരിയായി റോഡരുകിൽ വേപ്പുമര ങ്ങളും "ഉച്ചയ്ക്ക് ഒരു കവലയിൽ നിന്ന് പുബ്ക"യും (ഒരിനം ഭക്ഷണം) കഴിച്ചുകൊണ്ട് താഡിപത്രിയിലെ ബെലുമിലേയ്ക്ക്.

പ്രകൃതിദത്തമായി രൂപാന്തരപ്പെട്ട ഒരു ഗുഹയാണ് ബെലും ഗുഹ. കൗണ്ടറിൽ നിന്ന് 30 രൂപ ടിക്കറ്റെടുത്ത് ഞങ്ങൾ തയ്യാറായി. വിചാരിച്ചതിനേക്കാൾ ആകാംക്ഷയും ആഹ്ലാ ദവും ഉണർത്തുന്നതാണെന്ന് പെട്ടെന്ന് നമുക്കു മനസ്സിലാകും. പിന്നെ ഇതാണ് ആന്ധ്രയിലെ ഒരു പ്രധാനടൂറിസ്റ്റ് പ്രദേശം എന്നുള്ളതും.

കിണറുപോലെ തോന്നിക്കുന്ന ഗുഹാ മുഖം പിരിയൻ ഗോവണിയിലൂടെ താണ്ടു മ്പോൾ ഒരു പുതിയ ലോകത്തെത്തിയതു പോലെ "ഒരു ഹോളിവുഡ് ത്രില്ലറിലെന്നപോലെ അല്ലെങ്കിൽ ഭയപ്പെടുന്ന കോമിക്കുകളിൽ" എന്നപോലെ ഞങ്ങൾ വിശാലമായ ഒരു ഹാളി ലേയ്ക്ക് എത്തപ്പെട്ടു. സന്ദർശകർക്കുള്ള ഓരോ നിർദ്ദേശങ്ങളും വിശദമായി തന്നെ ഓരോ മൂലയിലും പതിപ്പിച്ചിരിയ്ക്കുന്നു. ഹൃദ യശ്വാസകോശ രോഗികൾക്ക് പ്രവേശനം നിഷേധിക്കുന്ന നിർദ്ദേശത്തോടൊപ്പം ചില അസാധാരണമായവയും പ്രത്യക്ഷപ്പെട്ടു. അകത്ത് വൈദ്യുതവിളക്കുകൾ അണ ഞ്ഞാൽ അനങ്ങാതെ നിൽക്കുക, ശാരീരിക

മായ വിഷമതകൾക്ക് അധികൃതർ ഉത്തരവാദികളായിരിക്കുകയില്ല. ശ്വാസം മുട്ടൽ തോന്നുമ്പോൾ ഫാനിന്റെ ചുവട്ടിൽ വന്നുനിൽക്കുക എന്നിവ ഇതിൽ ചിലതാണ്. ഈ നിർദ്ദേശങ്ങൾ നൽകിയ അമ്പരപ്പ് ചില്ലറയല്ല. വിശാലമായ ഹാളിൽ നിന്നു തുടങ്ങുന്ന അഞ്ചോളം വഴികൾ ഞങ്ങളെ ആദ്യം ആശയക്കുഴപ്പത്തിലാക്കി. ഓരോ വഴികളും കടക്കവേ, അരണ്ട വെളിച്ചം വീഴുന്ന ആ വഴികളിൽ ഞങ്ങൾ ഓരോരുത്തരും സാഹസികസഞ്ചാരികളായി. ഈർപ്പം വലിച്ച് ഉരുകി ഒഴുകി ഭയാനകരൂപങ്ങൾ സൃഷ്ടിച്ച അവസാനശിലാഭിത്തികൾ ഗുഹാന്തർഭാഗത്ത് ഭീകരത ഉളവാക്കുന്നു. ഓരോ കൈവഴികളും ആവേശത്തോടെ കടക്കവേ പലപ്പോഴും ശ്വാസതടസ്സം അനുഭവപ്പെട്ടു. കൂടാതെ മാരകമായ ചൂടും നേരിയ ആശ്വാസത്തിനായി ഓരോ ചെറുഹാളിലും സജ്ജീകരിച്ചിരിക്കുന്ന ഫാനുകൾക്ക് ചുവട്ടിലേക്ക് ഞങ്ങൾ നടന്നു.

ഉയരക്കൂടുതൽ ഒരു ശാപമെന്നോണം മുഹമ്മദിനെപ്പോലുള്ള പൊക്കക്കാർ ഓരോ വഴിയും കടക്കാൻ നന്നായി ബദ്ധപ്പെട്ടു. ഈർപ്പം വഴിയുന്ന പാതകളിൽ കാലുതെന്നാതിരിക്കുവാൻ വളരെ പണിപ്പെട്ടു. മനോഹരമായ, ഒരു കുളിരേകും, തെളിനീരുറവ ഗുഹയുടെ ഒരറ്റത്ത് കാണപ്പെട്ടു. അത്ഭുതവും ആഹ്ലാദവും മുറ്റിനിന്ന ആ വേളകളിൽ ബെലും ഗുഹ മുഴുവനായി ഞങ്ങൾ 3 മണിക്കൂർ കൊണ്ട് കറങ്ങി നടന്നുകണ്ടു. പുറത്തു കടക്കാനുള്ള സമയമായിട്ടും, ശരീരം തളർന്നിട്ടും മനസ്സ് ഗുഹയിൽ തന്നെ തങ്ങി നിൽക്കുന്നു. അതെ, ഞങ്ങളെ പുറത്തു വിടാതിരിക്കുന്ന എന്തോ ഒരാകർഷണം ആ ഗുഹയ്ക്കുണ്ടായിരുന്നുവെന്ന് തോന്നിപ്പിക്കും വിധം ആരും അവിടെനിന്ന് പുറത്തു കടക്കാൻ ഇഷ്ടപ്പെട്ടില്ല. പക്ഷേ ഞങ്ങൾ ഒടുവിൽ മനസ്സില്ലാമനസ്സോടെ പുറത്തേയ്ക്കിറങ്ങി. സന്ദർശനത്തിനുശേഷം ഞങ്ങൾ വിശ്രമിക്കുന്ന ബെലുംപാർക്കും ടൂറിസ്റ്റ് റെസ്റ്റോറന്റും ആ ഗുഹയ്ക്കുമുകളിലുള്ള ഭൂമിയിലാണെന്നുള്ളത് വളരെ കൗതുകമുളവാക്കി.

അങ്ങനെയിരിക്കെ ഒക്ടോബർ 18ന് ഞങ്ങൾ ഫെഡെ ഡിഫന്റേഴ്സിന്റെ വാർഷികം വന്നെത്തി. ഈ സൗഹൃദക്കൂട്ടായ്മയ്ക്ക് അന്നു രണ്ടുവയസ്സുതികയുകയായിരുന്നു. ഇവിടെ സൗഹൃദം മനസ്സിനെ മുത്തെന്നപോലെ കോർത്തിരിക്കുന്നു. ഈ അമൂല്യവേള ഞങ്ങൾ മധുരം പങ്കുവെച്ച് ആഘോഷിച്ചു.

ഒരു മാസത്തിലെ ട്രെയിനിംഗ് പ്രോഗ്രാമിലെ മൂന്നാമത്തെ ആഴ്ചയിൽ വളരെ വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്തു. 6 കി.മീ. അപ്പുറത്തുള്ള ഗാർലദ്ദീനെന്ന ചെറിയ പട്ടണത്തിൽ നിന്ന് കോഴിവാങ്ങി അമ്മമലയുടെ നെറുകയിൽ ചെന്ന് ഞങ്ങളുടെ കൂട്ടത്തിലെ ചീഫ് ഷെഫ് മുഹമ്മദിന്റെ നേതൃത്വത്തിൽ ആ കോഴിയെ കൊന്ന് ചുട്ടടിച്ചു. തുടർന്ന് വിശാലമായ ഒരു ക്യാമ്പ് ഫയർ സംഘടിപ്പിച്ചു. ആ അവധി ദിവസത്തിൽ ഈസ്കോൺ ക്ഷേത്രത്തിലേയ്ക്ക് ഒരു യാത്രയും പ്ലാൻ ചെയ്തു.

ഈസ്കോൺക്ഷേത്രം ശില്പചിത്രകലാചാരുതകൊണ്ടും ആഡംബരത്തിന്റെ മേന്മകൊണ്ടും നയനമനോഹരം തന്നെ. മാർബിളിലും ഗ്രാനൈറ്റിലും തീർത്ത ക്ഷേത്രം ഒരു രഥം കണക്കെ പണിയിച്ചിരിക്കുന്നു. 4 വലിപ്പമേറിയ കുതിരപ്രതിമകൾ മുമ്പിലായി കാണപ്പെട്ടു. മനോഹരമായ ക്ഷേത്രഹാൾ ഉത്തരേന്ത്യൻ ക്ഷേത്രങ്ങളെ അനുസ്മരിപ്പിക്കുന്നു. നിരവധി ഛായാചിത്രങ്ങളാൽ ചുവരുകളും മേൽക്കൂരകളും അലങ്കൃതമായിരിക്കുകയാണ്. ഗരുഡപുരാണത്തിൽ വിവരിക്കുന്ന നരകപീഢനങ്ങളുടെ ഒരു ഭയമുളവാക്കുന്ന ചിത്രീകരണപരമ്പര അവിടെ കാണപ്പെട്ടു. അത് പലരുടെയും അന്നത്തെ ഉറക്കം കളഞ്ഞെന്നാണ് പിന്നീടുള്ള അറിവ്. ചിലരപ്പോൾ തന്നെ ചെയ്തുപോയ പാപങ്ങളോർത്ത് താണുവീണുകേണു പശ്ചാത്തപിക്കുന്നതും കണ്ടു. ഈസ്ക്കോൺ ക്ഷേത്രത്തിൽ നിന്നും പുറത്തേയ്ക്ക് പോകുമ്പോൾ ഒന്നു തിരിഞ്ഞു നോക്കാം. വൈദ്യുത ദീപപ്രഭയിൽ കുളിച്ചു നിൽക്കുന്ന ഈസ്കോൺ ക്ഷേത്രം മരുഭൂമിയിൽ തിളങ്ങുന്ന ഒരുരത്നം പോലെ തോന്നി.

പിറ്റേന്ന് ഞായറാഴ്ച ഞങ്ങൾ പുട്ടപർത്തിയിലേയ്ക്ക് പുറപ്പെട്ടു. ഒരു വൻജനസഞ്ചയനം തന്നെ അന്നവിടെ രൂപപ്പെട്ടിരുന്നു. ലോകത്തിന്റെ നാനാഭാഗത്തിൽ നിന്നുമുള്ള തീർത്ഥാടകർ അവിടെ വന്നു പോയ്കൊണ്ടിരിക്കുന്നു. പുട്ടപർത്തിയിലെ മുക്കിലും മൂല

യിലും സത്യസായിബാബ നിറഞ്ഞുനിൽക്കുന്നു. ബാബയുടെ ബഹുവർണ്ണ പോസ്റ്ററുകളും 'Love All serve All'എന്ന വചനവും എങ്ങും കാണപ്പെട്ടു. പുതിയ സാങ്കേതിക വിദ്യകൾകൊണ്ടും വിശാലമായ അലങ്കാരമൽസ്യക്കുളം കൊണ്ടും നിർമ്മിത ചാരുതയേറും മന്ദിരം കൊണ്ടും പുട്ടപർത്തി പുതിയ മ്യൂസിയം തിളങ്ങിയപ്പോൾ, പുട്ടപർത്തിയുടെയും ഷിർദ്ദിസായി, സത്യസായിബാബമാരുടെയും ചരിത്രം പഴമയിലൂടെ വിളിച്ചോതുന്ന പഴയ മ്യൂസിയം കാഴ്ചകൾക്ക് ഒട്ടും പുറകിലായിരുന്നില്ല. അന്താരാഷ്ട്രനിലവാരമുള്ള സ്പോർട്ട്സ് കോംപ്ലക്സ് കായികവിജ്ഞാനം വർദ്ധിപ്പിക്കാൻ ഉതകുന്നവിധം ഞങ്ങളുടെ മനസ്സിൽ പതിഞ്ഞുനിൽക്കുന്നു. വൈകുന്നേരം ബാബാ ദർശനത്തിനും ലാഭകരമായ ഒരു ഷോപ്പിംഗിനും ശേഷം ഞങ്ങൾ മടങ്ങി.

ട്രെയിനിംഗിന്റെ അവസാനത്തെ ആഴ്ചയിലേയ്ക്കു കടക്കുകയാണ്. വിജയകരമാം വിധം അദ്ധ്യായനം മുന്നോട്ടുപോകുന്നതിന്റെ ആഹ്ലാദം ഒരുവശത്ത്. അവസാനം വിനോദയാത്രയ്ക്കുള്ള തയ്യാറെടുപ്പോടെ മറ്റൊരുവശം. പെനുകൊണ്ടയിലേയ്ക്കും തുടർന്ന് ലപാക്ഷിയിലേയ്ക്കുമുള്ള ഒരു യാത്രയ്ക്ക് ഞങ്ങൾ പദ്ധതിയിട്ടു. ഈ രണ്ടു സ്ഥലങ്ങളും അനന്തപൂരിൽ നിന്ന് വളരെ ദൂരെയായതിനാൽ വളരെ വിഷമത്തോടെയാണെങ്കിലും പെൺകുട്ടികളെ കൂട്ടാതെ ഞങ്ങൾക്ക് പോകേണ്ടി വന്നു.

ഒരു 'Trax' ഞങ്ങൾ പതിനാറുപേരുമായി യാത്രതിരിച്ചു. വഴിയിൽ മുസംബി തോട്ടങ്ങളിൽ നിന്നും മുസംബി പറിച്ചതും കപ്പലണ്ടിയുമായി പോകുന്ന കാളവണ്ടിയിൽ നിന്ന് പച്ചകപ്പലണ്ടി ചെടിയോടെ വാരിയതും ഈ പരിശ്രമം കണ്ട് പ്രിയ കാളവണ്ടി ഡ്രൈവർ ഒരു കെട്ട് നിലക്കടല തന്നതും മറക്കാത്ത യാത്രാനുഭവമായി. ദൂരെമലനിരകൾ നമ്മെ മാടിവിളിക്കും പോലെ അടുത്തടുത്തായി കാണാറായി, അവിടെ നേരിയ മഴയുണ്ടായിരുന്നു. മനോഹരമായ ഒരു മാരിവില്ലും.

പച്ചനിലക്കടല ഏതാണ്ടു തീർന്നപ്പോൾ ഞങ്ങൾ പെനുകൊണ്ടയിൽ എത്തി. റോഡരുകിൽ നിന്നപ്പോൾ തന്നെ നമുക്ക് കുംഭകർണ്ണ പാർക്കു കാണാറായി. ഹാ അത്ഭുതം തന്നെ. ഒരു വലിയ കുംഭകർണ്ണ പ്രതിമ ഒരു വലിയ പ്രദേശത്തെ മറച്ചുകൊണ്ടങ്ങനെ കിടക്കുന്നു. രണ്ടുരൂപ ടിക്കറ്റെടുത്ത് ഞങ്ങൾ അങ്ങോട്ടു കയറി. പ്രതിമയോടടുക്കും തോറും അതിന്റെ വലിപ്പം അത്ഭുതപ്പെടുത്തി. മലർന്നു കിടന്നുറങ്ങുന്ന ഭീമാകാരനായ കുംഭകർണ്ണൻ, കുംഭകർണ്ണനെ നിദ്രയിൽ നിന്നുയർത്താനായി പാട്ടുമേളവും നൃത്തവും കൂടാതെ ആനയെ കെട്ടിവലിച്ചും തീറ്റപ്രിയനു മുമ്പിൽ പലഹാരങ്ങൾ മാംസഭക്ഷണങ്ങൾ എന്നിവ നിരത്തിയും, മൂക്കിൽ നാരിട്ടിളക്കിയും ഉണർത്താൻ ശ്രമിക്കുന്ന രാക്ഷസ കിങ്കരന്മാർ എന്നിവ ചേർന്നതാണ് പ്രതിമ. രാക്ഷസകിങ്കരന്മാരോടൊപ്പം കുംഭകർണ്ണനെയുണർത്താൻ ഞങ്ങളുടെ കൂട്ടത്തിലെ സമീർമുഹമ്മദും കൂട്ടരും കൂടിയപ്പോൾ അവിടെകൂടിനിന്ന നൂറുകണക്കിന് സന്ദർശകർക്കും പിന്നെ ഞങ്ങൾക്കും ചിരിക്കാനുള്ള വകനൽകി. ഗംഭീരമായ കോൺക്രീറ്റ് നിർമ്മിതമായ ആ രൂപത്തിന്റെ ഉള്ള് പൊള്ളയായിരുന്നു. അതിനാൽ തന്നെ ഒരുവാതിലിലൂടെ കുംഭകർണ്ണന്റെ കുംഭയ്ക്കുള്ളിൽ ഇരുന്ന് ഞങ്ങൾ തമാശകൾ പങ്കുവെയ്ക്കുകയായിരുന്നു. ഈ പാർക്കിനോടനുബന്ധിച്ച് വിശാലമായ ഒരു പറമ്പിൽ നൂറുകണക്കിനു മറ്റുശില്പങ്ങളും സ്ഥാപിച്ചിരുന്നു. മനസ്സില്ലാമനസ്സോടെ ഞങ്ങൾ കുംഭകർണ്ണനോടുവിടചൊല്ലി ലപാക്ഷിയിലേയ്ക്ക്.

പോകും വഴി ധർമ്മവാരത്തുനിന്ന് ആന്ധ്രാസ്റ്റൈലിൽ ഒരൂണിന് ശേഷം ഞങ്ങൾ ലപാക്ഷിയിലെ പ്രസിദ്ധമായ നന്ദിപ്രതിമ കാണാൻപോയി. ലോകത്തിലെ തന്നെ ഏറ്റവും വലിയ നന്ദി പ്രതിമയായിരുന്നു അത്. ഒരു കി.മീ. അപ്പുറത്തുള്ള ലപാക്ഷി ക്ഷേത്രത്തിലേയ്ക്ക് ദർശനം നൽകുന്നവിധം നന്ദി ക്ഷേത്രത്തിനഭിമുഖമായി നിലകൊള്ളുന്നു. നന്ദിപ്രതിമയ്ക്കു മുന്നിൽ നിന്നുള്ള ഫോട്ടോ പോസിങ്ങിന് തെലുങ്കിൽ ഉള്ള പുളിച്ചതെറി ലഭിച്ചു എന്ന് രഹസ്യം!

ഇനി പ്രസിദ്ധമായ ലപാക്ഷിക്ഷേത്രത്തിലേയ്ക്ക്. പൂജാദ്രവ്യങ്ങളുമായി വഴികച്ചവടക്കാരും ഭിക്ഷക്കാരും സന്യാസിമാരും വാനരന്മാരും നിരന്ന വീഥിയിലൂടെ ഞങ്ങൾ ലപാക്ഷി ക്ഷേത്രത്തിനു മുന്നിൽ എത്തി.

തറനിരപ്പിൽ നിന്ന് വളരെ ഉയരത്തിൽ ആമപ്പാറ എന്ന ശിലയിലാണ് ക്ഷേത്രം പണി കഴിപ്പിച്ചിരിക്കുന്നത്. ഭാരതീയപുരാവസ്തു വകുപ്പിന് കീഴിലുള്ള ഈ ക്ഷേത്രത്തിനു മുന്നിൽ നിൽക്കുമ്പോൾ സാധാരണ ദക്ഷിണേന്ത്യൻ മഹാക്ഷേത്രങ്ങൾ ഉദാഹരണമായി കന്യാകുമാരീദേവീ ക്ഷേത്രത്തിന്റെ നിർമ്മിത ഘടനയോടു സാദൃശ്യം തോന്നിപ്പിക്കുന്നു. മുഴുവനായി പാറയിൽ പണിത നടപ്പാതകളും മണ്ഡപങ്ങളും അടച്ചു നിർമ്മിച്ച പ്രതിഷ്ഠാ മന്ദിരവും മൂന്നുതട്ടുകളോടുകൂടിയ ക്ഷേത്ര ഘടനയും എല്ലാം തികച്ചും ഒരുപുരാതന ദക്ഷിണേന്ത്യൻ ശൈവമതവിഭാഗത്തിന്റെ ഒരു പുരാതന വേദപഠന കേന്ദ്രമെന്നോ സാംസ്കാരിക നിലയമെന്നോ തോന്നിക്കുമാറ് ലിഖിത സഞ്ചലനവും സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട ക്ഷേത്ര ചിഹ്നങ്ങളും എമ്പാടും കാണപ്പെട്ടു. മേൽകൂരയിലുള്ള ചുവർ ചിത്രങ്ങൾ ഉത്തരേന്ത്യൻ രീതിയിലുള്ളതാകുന്നു. എന്നാൽ കൽതൂണുകളിലും മണ്ഡപങ്ങളിലും കാണുന്ന ശില്പ നിർമ്മാണ രീതി തഞ്ചാവൂരിലും തിരുവനന്തപുരത്തും കാണുന്ന രീതിയുടെ ഒരു സങ്കലനമായും അനുഭവപ്പെട്ടു. പിന്നെ പുരാതന പേർഷ്യൻ വാസ്തുവിദ്യ എന്ന് തോന്നിപ്പിക്കും വിധം ചില നിർമ്മിതികളും. ഇവ എല്ലാത്തിന്റെയും നിർമ്മാണം ഏതാണ്ട് ഒരേ കാലത്തു തന്നെയുള്ളതായതിനാൽ ലപാക്ഷിയിലെ ഈ ക്ഷേത്രവും പരിസരവും ഒരു കലാപഠനകേന്ദ്രം എന്നുകൂടി അനുമാനിക്കേണ്ടതുണ്ട്. കൂടാതെ ഉത്തരേന്ത്യൻ രീതിയിലുള്ള ആരാധനാക്രമങ്ങളും ദക്ഷിണേന്ത്യൻ രീതിയിലുള്ള ചില ആരാധനാ രീതികളും സംയുക്തമായി ദർശിക്കാനും ഇട യായി. ദർശനത്തിനുശേഷം വിശാലമായ ക്ഷേത്രം ചുറ്റിക്കാണാൻ ശ്രമിച്ചെങ്കിലും ഉടനെ തന്നെ ഒരു ഗൈഡിന്റെ ആവശ്യകത ഞങ്ങൾക്ക് മനസ്സിലായി. അല്പം അലഞ്ഞിട്ടാണെങ്കിലും കാര്യങ്ങൾ ഹിന്ദിയിലും ഇംഗ്ലീഷിലുമായി തട്ടിമുട്ടി പറഞ്ഞു തരുന്ന ഒരാളെ കിട്ടി. ക്ഷേത്രത്തിന്റെ ചരിത്രമിങ്ങനെ.

16 ാം നൂറ്റാണ്ടിൽ വിജയനഗര സാമ്രാജ്യം ഭരിച്ചിരുന്ന അച്യുതരായ രാജാവിന്റെ ഖജാൻജി ആയിരുന്ന വിരുപണ്ണ ആണ് പലകാലങ്ങളിലായി സ്ഥാപിക്കപ്പെട്ട പ്രസിദ്ധ 5 ശിവ ലിംഗങ്ങളാൽ അനുഗ്രഹീതമായ ആമപ്പാറയിൽ ഈ ക്ഷേത്രം പണിതത്. ശരിക്കും ഈ പാറയുടെ ആകൃതി ഒരാമയുടേത് തന്നെ. ഹംപണ്ണ, ജക്കണ്ണ എന്നിവരായിരുന്നു ശില്പികൾ. രാജാവിന്റെ കാലശേഷം ഭരണം ഏറ്റെടുത്ത അനന്തരാവകാശി കുടില പ്രചാരണങ്ങളുടെ പേരിൽ അഴിമതി ആരോപിച്ച് വിരുപണ്ണയെ കണ്ണ് ചൂഴ്ന്നെടുക്കൽ ശിക്ഷയ്ക്ക് വിധേയമാക്കാൻ തീരുമാനിക്കുകയും തുടർന്ന് ഖജാൻജി മനം നൊന്ത് സ്വയം തന്റെ കണ്ണുകൾ ചൂഴ്ന്നെടുത്ത് ദേവിക്ക് സമർപ്പിച്ചെന്നും കഥ. അതിന്റെ ചോരപ്പാടുകൾ എന്ന വണ്ണം കല്ലിൽ കാണുന്ന രണ്ട് ചുവന്ന പാട് ഗൈഡ് ഞങ്ങൾക്ക് കാണിച്ചു തന്നു.

876 ഭീമാകാരമായ കൽതൂണുകളുള്ള ക്ഷേത്ര സമുച്ചയത്തിന്റെ മുന്നിലെ നൃത്തമണ്ഡപത്തിൽ മാത്രം 70 തൂണുകളുണ്ട്. ആ തൂണുകളും മണ്ഡപവും പ്രതിനിധാനം ചെയ്യുന്നത് ദേവലോകത്തെ നൃത്ത സഭയെയാണ്. മനോഹരമായ ചുവർചിത്രങ്ങൾ മേൽക്കൂരയ്ക്കു മാറ്റു കൂട്ടുന്നു. എന്നാൽ അവയിൽ ഏറ്റവും അത്ഭുതപ്പെടുത്തുന്നത് നൃത്ത മണ്ഡപത്തിൽ തൂങ്ങി നിൽക്കുന്ന തൂണാണ്. 69 തൂണുകൾ നിലത്തുറച്ചു നിൽക്കുമ്പോൾ ഇതുമാത്രം തറയോടു ബന്ധമില്ലാതെ നിൽക്കുന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. തുടർന്ന് ആ തൂണിനെ പറ്റി ഗൈഡ് പറഞ്ഞ കഥയിങ്ങനെ.

ഒരിക്കൽ ബ്രിട്ടീഷ് ഭരണകാലത്ത് ഇംഗ്ലണ്ടിൽ നിന്നെത്തിയ കുറെ സിവിൽ എഞ്ചിനിയർമാർ ഈ തൂണിനെ കുറിച്ച് പഠിക്കാനാരംഭിച്ചു. അവർ ഈ തൂണിനെ യാന്ത്രികമായി തിരിച്ചപ്പോൾ നൃത്തമണ്ഡപത്തിലെ ബാക്കി തൂണുകൾക്കെല്ലാം വിള്ളൽ വീണു. അതെ തുടർന്ന് അവരാപരിപാടി അവസാനിപ്പിക്കുകയും ചെയ്തു. ഗൈഡ് ആ വിള്ളൽ ഞങ്ങൾക്കു കാട്ടിതരുകയും ചെയ്തു. ആധുനിക എഞ്ചിനീയറിംഗ് മേഖലയ്ക്ക് ഇപ്പോഴും ആ തൂണിന്റെ ഘടനയെക്കുറിച്ചും അത് ആ മണ്ഡപത്തെ നിയന്ത്രിക്കുന്ന സാങ്കേതിക വശത്തെക്കുറിച്ചും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ഗൈഡ് വെളിപ്പെടുത്തി.

മാതൃകാ സ്ത്രീ പുരുഷ ശരീരങ്ങളെ പ്രതിനിധീകരിക്കുന്ന ബിംബങ്ങൾ ക്ഷേത്രത്തിനകത്തു കാണാൻ കഴിഞ്ഞു. വിരു

ഷണ്ണയുടെ മരണത്തോടുകൂടി പണിതീരാത്തതെന്നു സങ്കൽപിക്കുന്ന ശിവപാർവ്വതി മണ്ഡപവും അവിടെ തൂണുകളിലെ വിസ്മയം വിടർത്തുന്ന ശില്പ ചാതുര്യവും ഞങ്ങൾ ആസ്വദിച്ചു നടക്കുമ്പോൾ ഗൈഡ് ഞങ്ങളെ വേറൊരു മണ്ഡപത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. സ്ത്രീ സമൂഹത്തിൽ എങ്ങനെ വർത്തിക്കേണ്ടവളാണെന്നും തുടങ്ങി അവളെങ്ങനെ അണിഞ്ഞൊരുങ്ങണം മനുഷ്യൻ എങ്ങനെ വ്യായാമം ചെയ്യണം എന്നുവരെ വ്യക്തമാക്കുന്ന ശില്പ പരമ്പര നമ്മുടെ സ്മൃതികളുടെ ചിത്രീകരണമാണോ എന്നു വരെ സംശയിച്ചു പോകുന്നു.

തുടർന്നു സീതാപാദം കണ്ടു. അതു മലയിൽ പതിഞ്ഞ വളരെ വലിപ്പമേറിയ ഒരു കാൽപാടാണ്. സീതാപഹരണ സമയത്ത് സീതയുടെ ഒരു പാദം ഇവിടെ പതിഞ്ഞിട്ടുണ്ടെന്നാണ് ഐതിഹ്യം. അതിൽ വെള്ളം വറ്റാത്ത വളരെ ചെറിയ ഒരു നീരുറവയും ഉണ്ട്. ഈ ക്ഷേത്ര നിർമ്മാണ തൊഴിലാളികൾ ഭക്ഷണം കഴിക്കാൻ ഉപയോഗിച്ച കല്ലിൽ കൊത്തിയ തളികകൾ കണ്ട് അന്ധാളിച്ചുപോയി. ഇത്രയും വലിയ തളികയിൽ കഴിക്കുന്നവരുടെ ആരോഗ്യം എന്തായിരിക്കും?! അവർ അച്ചാറു വയ്ക്കുന്ന ഭാഗത്ത് ചോറു വച്ചാൽ പോലും നമ്മൾക്കത് മുഴുവനായി കഴിക്കാൻ കഴിയില്ല. അത്രയും വലുത്. പിന്നെയും ഒരു പാടു കാഴ്ചകൾക്കും കഥകൾക്കുമൊടുവിൽ ഗൈഡിനു പ്രതിഫലവും നൽകി. ഞങ്ങൾ ലപാക്ഷിയോടു വിടപറഞ്ഞു. ഇനിയൊരു സഞ്ചാരത്തിന് അവസരമില്ലെന്ന വിഷമത്തോടെ ഞങ്ങൾ രാത്രി ഹോസ്റ്റലിലേയ്ക്ക്.

സമയം രാത്രി 10. ഇൻസ്റ്റിറ്റ്യൂട്ടിനകത്തെ നടപ്പാതയിൽ സോഡിയം വേപ്പർ ലാംബിനു ചുറ്റും പതിവുപോലെ കൂടിയപ്പോൾ എന്തോ ഞങ്ങൾ മൂകരാണ്. ചിരിച്ചും കളിച്ചും പഠിച്ചും പുതിയ യാത്രകൾ ചെയ്തും പരസ്പരം സഹിച്ചും ഉല്ലസിച്ചും ഒരു മാസം തീരുകയാണ്. ദുഃഖത്തോടെ തന്നെ ഞങ്ങൾ നാളെ അനന്തപൂരിൽ നിന്നും മടങ്ങുകയാണ്. ജീവിതത്തിൽ അമൂല്യമെന്നു കരുതപ്പെടുന്ന ഒരു വേളയുടെ അവസാനം സമാഗതമായി. ഞങ്ങൾ തിരികെ നാട്ടിലേക്ക്. നാളത്തെ മടക്കയാത്രയ്ക്കുള്ള ഒരുക്കം തുടങ്ങിയിരിക്കുന്നു.

പ്രഭാത ഭക്ഷണത്തിനുശേഷം ഞങ്ങൾ അമ്മ മലയുടെ മുകളിലേയ്ക്ക്, പതിവിനുവിരുദ്ധമായി കാലുകൾക്ക് വേഗതയുണ്ടായിരുന്നില്ല, ചുണ്ടുകളിൽ ചിരിയും. വിടപറയാൻ നേരം സങ്കടത്തോടെയെങ്കിലും അവിടുത്തെ ക്വാറിതൊഴിലാളികളിൽ നിന്നും ഒരു സത്യം മനസ്സിലാക്കി. ഏറിയാൽ 5 വർഷം കൂടിയേ ഈ മലയുണ്ടാകൂ. ദിവസവും വലിയ തോതിൽ പാറപൊട്ടിച്ച് ഈ മല ഇപ്പോൾ നാശോന്മുഖമാണ്. മരണം കാത്തു കിടക്കുന്ന ഒരു രോഗിയെപോലെയാണ് അമ്മ മല. മാനവ സ്വാർത്ഥതയുടെ രക്തസാക്ഷി. ഇനി ചിലപ്പോൾ അമ്മ മലയുണ്ടാകില്ല. വിഷമത്തോടെ ഞങ്ങൾ മലയിറങ്ങി. ഉച്ചഭക്ഷണത്തിനു പോകാനൊരുങ്ങിയ ഞങ്ങളെ യാത്രയാക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിലെ അധ്യാപകരായ ശ്രീ ജോർജ്ജ് ബാബു, ശ്രീനാഗപ്പ, ശ്രീ. ടി.പി. ഓജ, ശ്രീ. കനകപ്പ, ശ്രീ. ഭാസ്കർറാവു, അപ്രന്റീസ് ട്രെയിനികളായ ശ്രീ. പ്രദീപ്, ശ്രീ. ദാമോദർ, ശ്രീ. സൂര്യ എന്നിവർ സന്നിഹിതരായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബസ്സിലേറി ഞങ്ങൾ അനന്തപൂർ റെയിൽവേ സ്റ്റേഷനിലേക്ക് യാത്രതിരിച്ചു. അമ്മ മല നമ്മെ നോക്കി കരയുന്നതു പോലെ തോന്നി. മക്കളെ പിരിയുന്ന അമ്മയെപ്പോലെ ഹൃദയം വിങ്ങി കരയുമ്പോഴും പാറകൾ പൊട്ടുന്ന വലിയ ശബ്ദം ഞങ്ങളെ കണ്ണീരണിയിച്ചു. അമ്മ മലയേ വിടതന്നാലും, മൺപാതകളെ, വിളഞ്ഞ മുസമ്പി മരങ്ങളെ , നിലക്കടല പാടങ്ങളെ, ചിരിക്കുന്ന സൂര്യകാന്തി, പ്രിയ ചുവന്നഭൂമി വിട. ഞങ്ങൾ ഇതാ പോകുന്നു ഒരു പിടി നല്ല ഓർമ്മകളുമായ് 'ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് '.



ശ്രീമോൾ. എസ്.



# പ്രക്ഷുബ്ധത

മാഞ്ഞുപോകുന്നൊരീപകലുകളിൽ ബാല്യം തളിരിട്ട മുല്ലവള്ളികളിൽ
കാലം മായാതെ മുറിവേൽപ്പിച്ചൊരോർമ്മകളിൽ
ഭൂതകാലത്തിനടയാളങ്ങൾ പൂക്കളായ് സ്മിതം പൊഴിക്കുമ്പോൾ
പ്രക്ഷുബ്ധമായൊരെന്നന്തരംഗം പാതിരാക്കാറ്റിൻ പരിരംഭണത്തിൽ
തണുത്തുറയവേ

ഉടഞ്ഞോരാസൗഹൃദച്ചില്ലുകളിൽ പ്രതിഫലിച്ചൊരായിരം വദനങ്ങളിൽ
ശോകമോ?

നിഴലായ് ഞാൻ നടന്നോരാവർത്തമാനകാലവും കൈവിട്ടുവോ?
എവിടെയോ നഷ്ടമായൊരെൻ കാൽച്ചിലമ്പിൻ നാദമായി
പൊഴിഞ്ഞതെന്നന്തരംഗവിഹായസ്സിലെ രോദനങ്ങളോ?
ഹൃദയത്തിന്നഗാധതലങ്ങളിൽ ഉത്തരം തേടി ഞാനലയവേ
ഓർമ്മകൾ ഓടിനടക്കുന്നൊരീ മുറ്റത്തെ മണലിൽ
ഇരുട്ടായ് മഴ പടർന്നു കയറാനൊരുങ്ങവേ
തിരികെ കയറാനാകാതെ പടവുകൾ മാഞ്ഞുവോ
പ്രതീക്ഷതൻ വെളിച്ചം തിരി കൊളുത്തി വിളിക്കുമ്പോൾ
മായാത്തൊരീ മഴക്കോലങ്ങൾ ഉറഞ്ഞു തുള്ളാൻ തുടങ്ങിയോ?



സ്നിജ. വി. എസ്.



# മരണം

അറിയാമെനിക്കെന്നുമെന്നും
പിരിയില്ല എന്നെ നീയെന്ന്
മൃദുലമാം മേനിയും കരാളമാം ഹസ്തവും
കടുകട്ടിയുള്ളോരു മൊഴിയും
ഭയമാണെനിക്കിന്നു നിന്നെ
അറിയില്ലതെന്തിനാണെന്ന്
പറയാൻ മറന്ന മൊഴിയും
കേൾക്കാതെ പാടിയ പാട്ടും

ഋഷഭത്തിലേറി നീയെത്തും
പാശവും കൈകളിലേന്തി
നാശത്തെ കൂട്ടുപിടിച്ച്
കാലത്തിനൊത്തു നീ പോകും
ഹൃദയമൊന്നുണ്ടോ നിനക്ക്
മനസ്സിൽ കരുണയുമുണ്ടോ

അറിയാതെ പാടിയ പാട്ടിൻ
വരി പൂർത്തിയാക്കീടുവാൻ
അനുവദിച്ചീടില്ലയെന്നെ
അനിവാര്യമായതു തന്നെ
അധികരിച്ചീടുവാനില്ല
ഒരുനാൾ നീ വരും സത്യം
മരണമേ നീ തന്നെ സത്യം



ജിയ വർഗ്ഗീസ്

# എന്റെ മനസിലെ സുന്ദരിക്കായ്....



എൻ മനസിൽ കുടിയേറിയ സുന്ദരി
എങ്ങു പോയി മറഞ്ഞു നീ
ഒരു നോക്കു നോക്കാതെ
ഒരു വാക്കു മിണ്ടാതെ
പോയതെവിടേക്ക് എൻ ജീവേശ്വരി

പ്രണയത്തിൻ സുഖം അറിഞ്ഞു
ഞാൻ നിന്നിൽ നിന്ന്
വിരഹത്തിൻ വേദനയും അറിഞ്ഞൂ
ഞാൻ നിന്നിൽ നിന്ന്

കണ്ണു തോർന്നിട്ടില്ല നാളിതു വരെ
ഹൃദയം പിളരുകയാണെനിക്ക്
എവിടെ പോയി മറഞ്ഞൂ നീ
എന്നെ തനിച്ചാക്കി ഈ ജീവിതത്തിൽ

വെമ്പുന്നു എൻ മനം നിൻ വിളികേൾക്കാൻ
വെമ്പുന്നു ഞാനാ പ്രണയത്തിലലിയാൻ
കാത്തിരിപ്പൂ ഞാൻ നിനക്കായ്
നിൻ പാദസ്പർശം കേൾക്കാൻ
എത്ര ജന്മങ്ങൾ വേണമെങ്കിലും



**Nadiya Nestad**



# A Lonely Mind

Looking at his innocent face, I felt a loneliness
Is it the agony of his friend, hurts him?
Is it the tears from his mom's eyes which was hidden from him, hurts him?
Is it the love and sincerity towards his father which was buried inside, hurts him?
Is it the caring which he lacked from his brother, hurts him?
Is it the wilting caused to his dreams which he planted, hurts him?
Or is it the betrayed from the angel whom he loved more than himself, hurts him.
Looking at his innocent face, I felt a misery...
'O' Almighty you created him and not seeing his pains?





RASEENA. S.

# MY MOM

My mummy, my friend
Mom acts like a pillar
of strength and a
shoulder to kan on.........
She's caring and sweet
and a good tucker inner.
She's like a pilgrimage,
where you could render your wishes
Her kisses are honeyish,
that nothing would replace
She thinks you are an angel
whatever you do
cause she's loving and wise
and a special friend too!





Suman George

# Bringing to life

'Imagination' a word which creates a wonderful world around itself. The soul of writers and film makers. It lets you see things you want to see, you want to happen. In short it is the heart of every fairy tale or the story you always wanted to carry in your heart. The same star studded full moon night can be seen as a night of ghosts or witches or it can also be seen as a symbol of peace and silence. Well all it takes is to imagine.

I never want to that imagination side or may be I didn't have enough time. Well, time can change everything who thought a busy girl like me will have enough time to rest like this or may be because I had to. My life had a new fash; I still remember it was on last winter. It was during christmas vacation that I saw her first, the face that changed my life forever. Well I come to that part later.

I lived in an housing colony away from the noises and pollutions of the city life. Near to my house was a cashew orchard. Through it went a small narrow road. It was covered with trees and shrubs I gross it had all the species for the animal planet channel. Nobody knew the owner of the orchard nor the way, where it leads to well the truth is nobody ever wanted to. As has I which considered I would ever care to look at it or think so deeply about it not unless I had this hell to of time to spend freely Dr. I had I been confined to my bed. It was that stupid accident because of which I lost my legs and I heart walk. Now that I have more than enough time I would spend my whole day sitting near my window waching that road and imaging all sorts of things about it. The iron gate with twigs all around it looked like a monsters teeth to be and the trees with branches seemed like the legs and hands of a monster and when they wave together with winds its as if they tell each other. I would make a good lunch for them. Well really scares me a lot but still I always watch that road and imagined that there are more scary stuffs along the road still to be explored -

hidden at the distance. I have promissed to myself that I would rather die in here than go in there through that roads. The roads become scary during winter when its all covered with snow.

It was last winter that I saw her. Her name is Jovita. Her namily mored into our colonoy for the vacations. I was really a shy girl so I never attempted to make her my friend or even smile at her at first. I saw for the first time near the gate to that road while. I was sitting near my window. Well the window side was my favoarite place after I was ponfired to bed after the accident. It was the only place though which I can see outside world. Well comming back I still remember when I saw her first she wore a pink fork and she had beautiful brown curly hairs. I quess she too saw me and she gave a pleasing beautiful simle and then she just disappear. Before I could imagine some thing I heard door bell ringing and my mom talking to some one then she came in with that beautily little girl with pink frok she introduced herself as Jovita, our new neighbour and stood with the same beatiful smile. She came near me and sat near the window. We talked a lot I could feel a found of friendship was rooting between as well her visit to my home became quite frequent we became friends forever. My days of lonliness nearly came to an end after she came.

We would sit together and talk lots of thing starting from silly things to the world matters. She was my opening door to the world outside. We discussed all sorts of things under the sky and one day we finally care to the road. As I listened to her I could feel that her perception about the road was enterily different from mine. For me it was a road of horror and all sorts of scary things but she gave a new defenition to the road. She saw the road as a road something like that of a road to a paradise, a beatiful royal garden or something like that. I should see the road through her eyes, by the way she described it. She saw the roads with sides covered with beautiful flowering treess and the twings twisting around each other with fully blossomed colourful flowers to give it perfect beauty to the road. Now I could even smell the fragrance of all flowers comming with the wind near the window. The winds would carry the flowers on the road as if it was making a flower carpet to be laid on the road. And the gate (which was monsterst teeth form) looked like the gate to paradise with those beautiful flowers and twings and wines all around the gate. Suddenly she tooking lands, gave my walking stick and held me tight and lead me to near to that gate and she said me. Imagine this is the kingdom of Eldorado and you are its princess and walk like a princess'. The words touched heart and felt the winds and the birds were singing welcome song to me and the tress was spreading the leaves in the road to welcome me. I was now the princess of my kingdom and walked proudly holding her hand. That was the most amasing and wonderful journey in my whole life it was readly some thing like a royal princess journey.

Now I could see the things in a better way. I saw the smiles in the face of my neighbours as a token of sympathy and humiliation for I didnt have a leg and they felt sorry for me but now the same smile reflects their happiness in finding me fighting against my weakness and moving forward. I also found that every Individual has its own role to play as if they our lives are a play or drama and we people are playing different roles in it. I believe my friends role has change the way I saw things and in a different way, more wider and more hopeful way. She brought a new ray of hope in my life whole sheherself was facing the darkest side of her life. Her smile was her way to hide her dreadful discase from us. She was dying and I couldn't do anything about it. Her parents took her from here for her further treatment. But I believed that now her role in my life was complete she is now moving to play the role in the lives of others who were stuck by small obstacles hardships and spreading the rays of hope and smiles of happiness in many lives. I could now percieve the things the way I want to, in abetter way, the way I could be happy and also make the people surrounding me happier. Now I know that this is life. You no more wait for God to perform miracles but you just make it all by yourself by hope and faith.

# വ്യഥാ ഒരു കാത്തിരിപ്പ്



ശബ്നാ റാം

ഒരു പ്രത്യേകതയുമില്ലാത്ത പെൺകുട്ടി
ഒരുണർവ്വുമില്ലാത്ത നിന്റെ നയനങ്ങൾ
അതായിരുന്നില്ലേ എനിക്കു നീ.....
അതുമാത്രമായിരുന്നുവോ അറിയില്ലെനിക്ക്
ഒളിപ്പിച്ചു വച്ച ഒരു നോട്ടത്തിന്റെ......
അപരിചിതത്വത്തിന്റെ
പിന്നെ പേരറിയാത്ത എന്തിന്റെയോ
രൂപഭാവമായിരുന്നില്ലേ അറിയില്ലെനിക്ക്

യു.യു.സിയുടെ വോട്ടിനായ് നിന്നരികിൽ
യുവഹൃദയമിടിപ്പോടെയാചിച്ചപ്പോൾ
അപരിചിതമായ ഒരു നോട്ടത്താൽ നീ
എന്നെ അവഗണിച്ച നേരത്ത് ചൂളിയതും
ഞാനോർക്കുന്നു
കാമ്പസിനുള്ളിലെ ഭീഭത്സതയിൽ
നീയെന്റെ കൈയിൽ കയറിപിടിച്ചതെന്തിന്
നിന്റെ നനവാർന്ന തണുത്ത കരങ്ങളുടെ
സാന്ത്വനമെന്തിന്
എന്റെ വേദന നിനക്കു സ്വന്തമായതെങ്ങനെ?
അന്നാ സമര തീവ്രതയിൽ, എന്റെ
ബലമാർന്ന ശരീരം നിന്നിലമർന്നപ്പോൾ
ഭാരം തോന്നിയില്ലേ? എന്നൊരുനാൾ
ചോദിച്ചനേരം, പൂപോലമർന്നതോ?
എന്നു നീ മൊഴിഞ്ഞ നേരം ശൃംഗാരം
വന്നതെന്തിനായിരുന്നു

എന്റെ നിണമാർന്ന കൈയിലെ വേദന
എന്തിനായ് നീ ഒപ്പിയെടുത്തു
അറിയില്ല, അറിയില്ല ഒന്നുമോർക്കാൻവയ്യ
ഇന്നു നീ എവിടെയാണ് അതുമറിയില്ല
ഐ.സി.യുവിൽ നിന്റെ നിണവുംപേറി
കിടന്നപ്പോൾ ഓർത്തു, ഒഴുകുന്ന സിരകളെ
ഏതു പാർട്ടിയിൽപെടുത്തണം
നിന്റെ കമ്യൂണിസമോ അതോ.........
ഒരുനാളെന്റെ ഖദർജുബ്ബയിൽ
ചുവന്ന മഷി കുടഞ്ഞതെന്തിനായിരുന്നു
ചുവന്ന കണ്ണുകളാലാരെന്നു തിരഞ്ഞ ഞാൻ
ഭീതിയിൽ നീ തെന്നി മറഞ്ഞതുമോർക്കുന്നു

നിന്നെ ഓർക്കാത്ത ദിനരാത്രങ്ങളില്ല
നിന്നെ തിരയാത്ത സ്ഥലമേതുമില്ല
നെറ്റ് തുറന്നാലും, ഓർക്കൂട്ട് പരതിയാലും
ഒന്നിലും നിന്നെ.........എന്തിനുനീ
നീ........അതൊന്നുമായിരുന്നില്ലല്ലോ
നിന്നെ എന്തിനോടുപമിക്കേണം
എപ്പഴോ വിരുന്നു വരുന്ന നിലാവിനോടോ
പൂർണ്ണതയില്ലാത്ത ചന്ദ്രനോടോ
മലീനസമാകപ്പെട്ട നദിയോടോ
വേണ്ട നീ, നീ മാത്രമാണ്
നിന്നെയൊരുന്നാൾ കണ്ടുമുട്ടിയാൽ
എന്തു ചോദിക്കണമെന്നെനിക്കറിയില്ല
വ്യഥാ കുശലാന്വേഷണമോ വേണ്ട
വഴക്കടിച്ചാലോ അതുമാവില്ലെനിക്ക്
അത്ര മേൽ നിന്നെ ഞാൻ സ്നേഹിക്കുന്നു
വ്യഥാ.. —







പ്രീനു എൻ. പി.

# നിനക്കായ്..........

കാലത്തിന്റെ നിശബ്ദതയിൽ ഒഴുകുമെൻ ഹൃദയത്തിൽ
അവൻ തൻ ഹൃദയസ്പർശനം തഴുകുമ്പോൾ
കൺകോണിലെങ്ങോ തുളുമ്പുമാ സ്നേഹം
നൽകുവാൻ നിസ്സംഗമാ വേളയിൽ
എങ്ങുപോയ് മറഞ്ഞു നീ
എൻ താളസ്വപ്നമേ................

ജീവിതമാം വീഥിയിൽ അനന്തമാം സ്വപ്നത്തിൽ
തീർത്തുവച്ചൊരെൻ സ്നേഹമാം 'താജ്മഹൽ'
നീയറിഞ്ഞീലയോ എൻ മനസ്പന്ദനം
നിനക്കായ് എൻ പൊൻവീണ സീമയിൽ
നിനക്കായ് മാത്രമീ തോഴി..........

എൻമനക്കാമ്പിൽ നീർത്തൊരി നീർക്കുമിളയായ്
നിനക്കായ് മാത്രമീ ജന്മം
നീയറിഞ്ഞീലയോ നിലവേ...............





**Divya Gopinath**

# Kerala and Harthals

Amidst hot events and crisis of meeting the expectation of common man and recent events of the ruling government seeing for vote of confidence in the people's court of Parliament, one major event that has been shining in Kerala is the most significant event of 'Harthals'. The funny thing is, that people are enjoying this extraordinary event to the fullest.

Kerala, since time immemorial has been witnessing an active political scenario. Starting from the very beginning, people have been in active part of the political front. At that time, the major revolutions or outbreaks resulted in small level demonstrations in order to achieve their rights. People would march out for attainment of their demands and slowly it paved way to the present form of 'harthals'.

The situation has arisen that the various political comrades are encouraging such unhealthy situations or events which has lead to disruption of normal life in the state. The form of demonstrations today, has been modified such that people from all walks of life are bound to the unbreakable band called 'harthal'. Harthals have engulfed the major share of the state's economy. The unwanted and untimely harthals have disrupted the entire political set up and has added fuel to the already unstable political and

government scenario. The selfish and intentional way of introducing harthals by some group of people have made the situation in a jeopardy.

Harthals lead to closure of markets, offices, public places, schools and educational institutions which not only lead to inconvenience to public but also haulting the routine work may effect the economy of the state. Though the students feel happy for they don't have to go to classes, but it disrupts the academic calender of an institution.

The physical outbreak of the public in the form of harthals if often started with a motive of welfare to people, like reducing the prices of commodities etc. Being the major way of bringing to attention the major issues of common people to government harthals, have been framed with a good objective. The humane outburst of ideas may hence, result in expressing their vigour and anger in the form of violent harthals.

As is often said, a coin has two sides - both good as well as bad. The major objectives of harthal have been lost nowadays, owing to its misuse of varying sectors of community. It has made life to come to a stand still by disrupting life and property. Some of the violent harthals also cause hault to plying of vehicles and public transport systems. It causes severe implications on the society and the community and the country as such.

Various multinational companies who tried to setup their branches in Kerala, were forced to take back their decision merly due to frequent harthals in the state. The uneven harthals may also disrupt transport of fruits, vegetables and other commodities from one state to another.

The growth of economy and industry in the state is severely haulted. The employment opportunities are hence decrimenting faster. The overall development of the state is haulted and as a result Kerala is now one of the least developing state in India. Declairing for about 100% literacy and accounting for about 3m of average rainfall in the country, Kerala owing to its own strategic policies and a comprehensible issue of harthals, is fastly declining in the industrial sector. With a huge resource of manpower in the state, the state is deprived of some of the very important and famous multinational companies which have set their root in various other states, simply because of harthals. Among the various steaming issues which the state is currently facing, harthal emerges as a hot served dish which never losses its heat in the state. The main motive of developing is the industrial sector and the overall integration and security of the nation, lies in the hands of the youth of today. The youth today, needs to raise their voice against unhealthy harthals and pave way for a future where people are retrieved of the worry of an uncertain harthal which may disrupt their life. We need to understand that the situations is grim and hence, we need to look out of dealing with harthals by mutual talks and discussions. Disruption of property, will not lead to results.

Kerala is often categorised as the state of harthals. We need to revitalize our energy and raise our strength to make our state the best living place for anyone. We should try to make our state. 'the God's own country' and not 'a country of bearts' raising slogans against each other. Peace, harmony and safety has to be revived in our state, so that it proves to be best place to live in !



# ക്ലാസ്മേറ്റ്സ്

ഗ്രിറ്റി. പി.റ്റി.



ശംഖുപുഷ്പച്ചെടിക്കൂട്ടം കണ്ണുകളുടെ സമുദ്രമായിരുന്നു. തിരയേറ്റങ്ങൾക്കിടയിൽ സംഘർഷപ്പെട്ട് നിന്ന ഒരു നാലുമണി വൈകുന്നേരം വർഷങ്ങൾക്കുശേഷവും കാലൊച്ച കേൾപ്പിക്കുന്നു. ഏകാകിയായിപ്പോയ ഒരുകൂട്ടുകാരൻ നേർത്ത വിരഹങ്ങളുടെ മഴക്കാറ്റത്ത് ഒരു തേങ്ങലുപോലെ പറന്നു നടന്നത് ഇപ്പോഴും ഉള്ളിൽ മിടിക്കുന്നുണ്ട്. `സന്യാസിനി' പാടിത്തീരുമ്പോൾ കരഞ്ഞു തീർന്ന കണ്ണുനീർത്തുള്ളികളിൽ തൊട്ടുരുമ്മി എല്ലാവരും നിന്നു. മൗനം വിജനമായ തെരുവീഥിയിൽ പറന്നിറങ്ങിയ നക്ഷത്രകുഞ്ഞുങ്ങൾ നിലാവുകളുടെ പെരുമഴയ്ക്കുവേണ്ടി കാത്തുനിന്നുവത്രേ. വിഷാദങ്ങളുടെ കൽപടവുകളിൽ ചവിട്ടി പ്രണയത്തിന്റെ ഒരു കണ്ണ് ഏതോ മുള്ളുമരങ്ങളുടെ പ്രയാണത്തിലേക്ക് സ്വയം നശിച്ചുവത്രേ.

ഓർത്തോർത്തെടുക്കുമ്പോൾ ഒരു വാകപ്പൂത്തണലിന്റെ ഹൃദയം കനലുപോലെയെരിയുന്നു. ചുള്ളിക്കാടിന്റെ കവിതകളിൽ നിറഞ്ഞു വിതുമ്പി നിന്ന കരച്ചിലിന്റെ പകലുകൾ, രാത്രികൾ. `നീ ഓർക്കുന്നുണ്ടാവുമോ?' ഞങ്ങൾ കാണുമ്പോൾ പരസ്പരം ഇപ്പോഴും ചോദിക്കുന്നു. മഞ്ഞുചോരയിലെ ചെന്നായ്ക്കൂട്ടവും മസ്തിഷ്കത്തിലൂടെ പാഞ്ഞുപോയ മലങ്കാറ്റിന്റെ കാട്ടുപോത്തുകളും സർവ്വനേരങ്ങളിലും അലയടിച്ചുയരുന്നുണ്ട്. പുൽമൈതാനത്ത് പെയ്തു കിടന്ന മഞ്ഞുതുള്ളികളും മഞ്ചാടിമണികളും ആരുമറിയാതെ ഹൃദയത്തിന്റെ കോണിലൊളിപ്പിച്ചുവച്ച് യാത്ര പറഞ്ഞു പോന്നതാണ്. രാവിൽ തനിച്ചിരുന്ന് കരഞ്ഞിരുന്ന ദിനാന്ത്യക്കുറിപ്പുകളുമായി പിന്നീടെപ്പോഴൊക്കെയോ പലരും സന്ദർശകരായെത്തി. കലാരാഹിത്യത്തിന്റെ തുളസിക്കതിരുകൾ, മീനവെയിലിന് നീലനിറമുണ്ടായിരുന്ന മനസ്സിന്റെ പൊള്ളലുകൾ, കവിതയുടെ കിളിക്കൂടിനുള്ളിൽ സ്വയം നഷ്ടപ്പെട്ട് നടുങ്ങിക്കിടന്നവരുടെ ഉന്മാദസ്വരങ്ങൾ, കാലം പ്രായമറിയിക്കാതെ വളർത്തിക്കൊണ്ടേയിരിക്കുന്ന ഞങ്ങളുടെ തോമാച്ചൻ. മാരിവില്ലിൻ തേൻമലരിനെ മായാത്ത സുഗന്ധമായി ഉൾക്കൂട്ടാക്കിയവൻ. ആരോ തിരിഞ്ഞു നോക്കിയപ്പോൾ നിലാവിന്റെ ഊഞ്ഞാൽ അനാഥമാവുന്നത് തൊട്ടരുകിൽ ഇപ്പോഴുമുണ്ട്.

നിശബ്ദതയുടേയും മോഹഭംഗങ്ങളുടേയും വെള്ളിയാഴ്ചകൾക്ക് പണ്ഡിറ്റ് രവിശങ്കർ കൂട്ടിരുന്നു. കലാലയത്തിന്റെ ഇടനാഴികളിലൂടേ വിരഹത്തിന്റെ പടക്കപ്പലിൽ അകപ്പെട്ട നാവികൻമാർ യാത്ര ചെയ്തു തുടങ്ങിയിരുന്നു. ഒഴിഞ്ഞ മുറിയുടെ വേദനപോലെ മനസ്സ് സ്തംഭിച്ചു നിന്നു. കുന്നിൻ പുറങ്ങളിൽ നിന്നും തെറിച്ച് മുല്ലപ്പൂക്കൾക്കിടയിൽ വന്നു വീണു. മഷിക്കുപ്പിയിൽ നിന്റെ കണ്ണുനീരായിരുന്നു. പാഠപുസ്തകത്തിലെ മയിൽപ്പീലിയിൽ നിന്റെ പ്രണയത്തിന്റെ കണ്ണായിരുന്നു. മയിൽപ്പീലി കൊണ്ട് ജയിക്കുവാനാണെങ്കിൽ സമയവും കഴിഞ്ഞിരുന്നു.

ഇരുട്ടുകൂടി വന്നു. എങ്ങും ഇരുട്ട് മാത്രം. ദിക്കുകൾ നഷ്ടപ്പെട്ട ഇരുട്ടിൽ എങ്ങോ പൂക്കുന്ന മൺചെരാതുകളുടെ വെളിച്ചത്തിനായി അവർ കാത്തു നിന്നു. അപ്പോഴും അവരുടെ മുന്നിൽ അഗാധമായ താഴ്‌വരയിൽ പൂത്തുമ്പികൾക്ക് പറന്നിരിക്കാനുള്ള വിരിഞ്ഞ മൂകമായ വെളുത്ത പാറക്കെട്ടുകൾ കാത്തുകിടപ്പുണ്ടായിരുന്നു.





ഐശ്വര്യ എം.വി.

# ഏകയായ് നിന്നെയും തേടി

വാകപ്പൂക്കൾ നിറയും ഇടവഴിയിൽ
നിൻപാത ഞാൻ തിരയവേ
മറന്നുവോ നാം തമ്മിൽ പങ്കുവച്ച
സൗഹൃദത്തിൻ മധുരനൊമ്പരങ്ങൾ

തമ്മിൽ കരം കോർത്തു നാം
സൗഹൃദത്തിൻ ആദ്യാക്ഷരം നുണയവേ
എൻ മൗനവും നിൻ മനസിൽ
വാചാലതയാൽ കവിത കുറിച്ചിരുന്നു

എൻ വാക്കിടറുമ്പോൾ നിൻ
മനമിടറുന്നതായ് ഞാനറിഞ്ഞു
സ്വപ്നമഞ്ചത്തിലേറി നാം
ആകാശസൗധത്തിൽ അണഞ്ഞിരുന്നു

നിൻ സ്നേഹത്തിൻ രാഗവും പേറി
വിട പറഞ്ഞു ഞാൻ
അകലങ്ങളിൽ നീയും മാഞ്ഞവേളയിൽ
ഏകയായി ഞാൻ
നിൻ വിളിയ്ക്കായി കാതോർക്കവേ
മിഴികൾ നിറയുന്നൂ സഖി
എൻ മിഴികൾ നിന്നെ തിരയുമ്പോൾ
നീ എന്നെ തേടുന്നുവോ
അതോ മറന്നുവോ?



രോഹിണി ആർ. പി.



# നഷ്ടസ്വപ്നം

ഉണർന്ന നിദ്രയിലാരോ വിരൽ-
ത്തൊട്ടുണർത്തിയപ്പോൾ
അടർന്നൊഴിഞ്ഞൊരു സ്വപ്നമോ
നിനക്കീ ആർദ്രമിഴിതൻ വിട
നിമിഷാർദ്ധങ്ങളിലാകെയും ഞാൻ-
തിരയുന്നത് നിന്നോർമ്മകൾ മാത്രം.

നീയാകും ശീതളഛായയായിരുന്നു
എൻ വഴിത്താരയിലാകെ
പരിഭവത്തൂവലിനാൽ നീ വിരിച്ച
മൗനങ്ങളത്രയും മാഞ്ഞുപോയ്
വേനലിൽ സംഗീതമായ് ചൊരിഞ്ഞ,
ആ മഴയായിരുന്നോ എൻ സ്വപ്നം?

മായാമരീചികൾ നൃത്തമാടുമാ-
മരുഭൂമിയായിരുന്നോ എൻ സ്വപ്നം।
ബഹുവർണങ്ങൾ ചാലിച്ചൊരുക്കിയ
എൻ സ്വപ്നങ്ങൾ വാടിത്തളർന്നുപോയ്

എൻ പ്രിയ സ്വപനമേ, ഒരിക്കൽ കൂടിയെൻ
മിഴികളിൽ നീ നീന്തിത്തുടിച്ചെങ്കിൽ....
നിന്നോർമ്മകൾ പേറുന്നയെൻ മനസിൽ
നോവകറ്റാൻ നിൻപുനർജന്മം കൊതിക്കുന്നു....





Preeti Kumari

# Modern Indian Youth: Path Finders or Followers?

Reading this topic, many people won't even feel like reading this and they won't take a second to flip this page, but if you are patient enough to have read this upto here, I'm pretty much convinced that you will be a supporter of my nation. YOUTH–this word creates a picture of something filled with sun - like energy and potential and confidence to take on the world. But is that what actually is going on? I mean we youth still possess that "bring it on" attitude , of which elderly people always descard as 'warm blood's over enthusiasm' but we are not using it for the purpose nature has blessed us with. What I actually mean is, we are the people who are supposed to rebel the old, burdensome and tired-useless traditions and illuminate the world with a new horizon. But we have just misinterpreted the whole thing according to our convenience and out of our silly selfishness. Yes! we are making rules, but actually we are not realising that we are just conceiving the ideas the rest of the world has dumped for us. THINK GLOBAL, ACT LOCAL should be our mantra. Instead we are doing the opposite. We need to wake up the leader inside us. We are just losing the inherent quality our ancestors passed to our souls–we are not showing the path. We have to become the torch bearers of the civilisation and stop imitating others. We have to clear the rust formed on our brains and more importantly, souls. It's high time we return the society what we got – Care, love and development.






ദീപക് പി. എച്ച്.

# വായ കീറിയവന്റെ പരാക്രമം

ലോകത്തിലെ ഏതുകോണിലെ ദിനപത്രങ്ങൾ എടുത്തു നോക്കിയാലും അതിലെല്ലാം ഏതെങ്കിലുമൊരു ദുരന്തത്തിൽപ്പെട്ട മനുഷ്യൻ ഒരു നേരത്തെ ആഹാരത്തിന് അല്ലെങ്കിൽ ശുദ്ധജലത്തിനുവേണ്ടി നെട്ടോട്ടമോടുന്ന വാർത്ത ആഴ്ചയിലൊന്നെങ്കിലും വന്നതായി കാണാം. പിറന്നു വീണ ഏതൊരു ശിശുവും, അതുമനുഷ്യന്റേതായാലും, മറ്റേതു മൃഗത്തിന്റേതായാലും ആദ്യം തിരയുന്നത് അതിന്റെ ഭക്ഷണസ്രോതസാണ്. ആദ്യത്തെ ആഹാരകണിക അതിന്റെ വയറ്റിലേയ്ക്ക് എത്തുമ്പോൾ ആ കുഞ്ഞിനുണ്ടാകുന്ന വികാരം ഏതുതരത്തിലുള്ളതാണെന്ന് ആർക്കു പറയുവാൻ കഴിയും. ആ നിമിഷം മുതൽ അത് തന്റെ പരാക്രമം ആരംഭിക്കുന്നു, തന്റെ നിലനിൽപ്പിനു വേണ്ടിയുള്ള പോരാട്ടം, വയർ നിറയ്ക്കാനുള്ള നെട്ടോട്ടം.

വേണ്ടതിലധികം വിനോദവും വിജ്ഞാനവും ദൃശ്യ, ശ്രവണ മാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും പറയുകയും പഠിപ്പിക്കുകയും, പഠിപ്പിക്കപ്പെടുകയും ചെയ്യുന്ന ആധുനിക മനുഷ്യനായിരിക്കും.

ഒരു പക്ഷേ ഭൂമിയിലെ മറ്റേതൊരു ജീവിയെക്കാളും ഭക്ഷണത്തെപ്പറ്റി ഏറ്റവും കുറച്ച് ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് മനുഷ്യനാണ്. മനുഷ്യന് മാത്രമാണ് വയർനിറയ്ക്കാൻ ഇത്രയുമധികം മാർഗ്ഗങ്ങളുള്ളതും, മറ്റേതൊരു ജീവിയ്ക്കാണ് പൈസ എണ്ണി കൊടുത്താൽ ഭക്ഷണം കിട്ടുന്ന ഹോട്ടലുകളും കോഫീഷോപ്പുകളും ഐസ്ക്രീം പാർലറുകളും ഉള്ളത്?

ആധുനിക മനുഷ്യസമൂഹത്തിനു തന്നെ വഴി വച്ചത് അവന്റെ ഒടുങ്ങാത്ത വിശ

ഷായിരിക്കാം. കാരണം ഭക്ഷണത്തിനു വേണ്ടി യാണല്ലോ അവൻ കൃഷിചെയ്യാനും അതിനു വേണ്ടി ഒന്നിച്ചു താമസിക്കാനും ആരംഭിച്ചത്. പ്രാകൃത മനുഷ്യന്റെ ചിന്തകൾ ഒരു പക്ഷേ ഭക്ഷണത്തെപ്പറ്റിയും പ്രത്യുൽപ്പാദനത്തെപ്പ റ്റിയും മാത്രമായിരിക്കും. കൃഷിയിലൂടെ മനു ഷ്യൻ തന്റെ ഭക്ഷ്യസമ്പത്ത് വർദ്ധിപ്പിച്ചു, മാത്ര മല്ല ആഹാരം സംഭരിച്ചു വയ്ക്കാനും പഠിച്ചു. അപ്പോൾ അവൻ മറ്റുതലങ്ങളിലേക്ക് തന്റെ ചിന്താമണ്ഡലങ്ങളെ വ്യാപിപ്പിച്ചുതുടങ്ങി. അങ്ങനെ അവന്റെ തലച്ചോറ് വികസിക്കാനും ആധുനിക സംസ്കാരം കെട്ടിപ്പൊക്കാനും തുടങ്ങി. എന്നാലും ചിലപ്പോഴൊക്കെ സംഭവി ക്കുന്ന ചില കാരണങ്ങൾ, ചില ദുരിതങ്ങൾ, അവനെ പഴയ കാലത്തേക്ക് അതായത് നമ്മൾ പ്രാകൃതം എന്നു വിളിക്കുന്ന കാല ത്തേയ്ക്ക് കൂട്ടികൊണ്ടുപോകുന്നു. അപ്പോൾ അവൻ ഭക്ഷണത്തിനുവേണ്ടി സ്വയം ചാകാൻ തന്നെ തയ്യാറാകുന്നു.

സംസ്കാരസമ്പന്നൻ എന്നു മനുഷ്യൻ സ്വയം വിശേഷിപ്പിക്കുന്ന ഇക്കാലത്തും മനു ഷ്യൻ ആഹാരത്തിന്റെ കാര്യത്തിൽ തന്റെ പ്രപിതാമഹനായ ശിലായുഗമനുഷ്യനോട് വളരെ സദൃശ്യനായി തോന്നും. മനുഷ്യന്റെ മൂന്ന് പ്രാഥമിക ആവശ്യങ്ങൾ ആഹാരം, വസ്ത്രം, പാർപ്പിടം ഇവയാണെന്ന് പറയപ്പെ ടുന്നു. എപ്പോഴെങ്കിലും ഒരു ദുരന്തത്തിൽ പെട്ട് അവന്റെ പാർപ്പിടവും വസ്ത്രവും നശി ച്ചുപോയെന്നു കരുതുക. ഒരു നേരത്തെ ആഹാരത്തിനൊരു വഴിയുണ്ടെങ്കിൽ അവൻ ജീവിയ്ക്കില്ലേ? എന്നാൽ അതും നഷ്ടപ്പെ ട്ടാലോ? മരണമല്ലാതെ മറ്റെന്താണൊരു വഴി? ആ സമയത്ത് അവന്റെ സംസ്കാരം, സമ്പ ത്ത്, ഭാഷാനൈപുണ്യം, കരുത്ത്, സൗന്ദര്യം ഇവകൊണ്ടെന്തെങ്കിലുമൊരു പ്രയോജന മുണ്ടോ? അവന് തന്റെ ആയുധങ്ങളിലൂ ടെയും ആയോധനമുറകളിലൂടെയും ആഹാരം സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലോ? അത്രയും നാളും അഹങ്കാരത്തോടെ തന്റെ മനസ്സിൽ കെട്ടിപ്പൊക്കിയ സ്വപ്നമാളികകളും, കൊണ്ടു നടന്ന സംസ്കാരവും, സൂക്ഷിച്ച ശരീ രവും സമ്പത്തും എല്ലാം വെറുതെ!

നിറവയർ ഒരുവനെ സംതൃപ്തനാ ക്കുന്നു എന്നൊരു ചൊല്ലുണ്ട്. അതുപോലെ തന്നെ വിശപ്പാണ് ഏറ്റവും നല്ല കറി എന്നു മറ്റൊരു ചൊല്ലും. എന്തായാലും തന്റെ മണി മാളികയിലിരുന്ന് നാലുനേരവും പാതിവിശപ്പു മായി അസംതൃപ്തിയോടു കൂടി വളരെ വൈവിദ്ധ്യമാർന്ന വിഭവങ്ങൾ തന്റെ അണ്ണാക്കു നിറയുന്നതുവരെ തള്ളിക്കയറ്റു ന്നതിനേക്കാൾ സുഖവും ആശ്വാസവും ലഭി ക്കുന്നത് പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലി ക്കുന്ന മൺകുടിലിലിരുന്ന് ഉദയ സൂര്യന്റെ ചെങ്കതിർ കാണുമ്പോൾ മുതൽ സന്ധ്യയുടെ ഇരുൾ ആകാശത്തു പടരുമ്പോൾ വരെ അദ്ധ്വാനിച്ചവന്റെ എരിയുന്ന കാലി വയറി ലേക്ക് ഒരാശ്വാസമായി അൽപം കഞ്ഞി ഒഴി ക്കുമ്പോഴാണ്. ചില വൻ സമ്പന്നരാഷ്ട്രങ്ങളിൽ ഒരു വർഷം വെറുതെ കളയുന്ന ഭക്ഷണസാ ധനങ്ങൾ കൊണ്ട് ആഫ്രിക്കപോലുള്ള ഒരു ഭൂഖണ്ഡത്തിലെ ജനകോടികൾക്ക് പല വർഷ ങ്ങൾ തള്ളി നീക്കാം എന്നു കണക്കുകൾ കാണിക്കുന്നു. പല സമ്പന്ന രാഷ്ട്രങ്ങളിലേയും ചിലപ്പോൾ ചില സമ്പന്ന ഭവനങ്ങളിലേയും ചില ആളുകളെ കണ്ടാൽ അവർ ജീവിക്കുന്നതിനു വേണ്ടിയല്ല ഭക്ഷണം കഴിക്കുന്നത്. മറിച്ച് ഭക്ഷണം കഴിക്കാൻ വേണ്ടിയാണ് ജീവിക്കു ന്നത് എന്നു തോന്നിപ്പോകും.

മനുഷ്യസമൂഹത്തിന്റെ തന്നെ ഏറ്റവും വലിയ വൈകൃതങ്ങളിൽ ഒന്നാണ് ഉള്ളവനും ഇല്ലാത്തവനും എന്ന ഭിന്നത. നാം ഇന്നു ജീവി യ്ക്കുന്ന ഈ സമൂഹത്തിനു കാരണമായി ട്ടുള്ള പല കലാപങ്ങളും വിപ്ലവങ്ങളും പൊട്ടിപ്പു റപ്പെട്ടിട്ടുള്ളത് ഈയൊരു ഭിന്നതയിൽ നിന്നു ഉളവയാണെന്ന് നമ്മുടെ ചരിത്രങ്ങൾ പരിശോ ധിച്ചാൽ കാണാം. എല്ലാ വിപ്ലവങ്ങളുടേയും പുറകിൽ എരിയുന്ന വയറുള്ള ഒരു മനു ഷ്യന്റെ സ്പർശം നമുക്ക് അനുഭവിച്ചറിയാവു ന്നതാണ്. ഫ്രഞ്ചു വിപ്ലവം ഒക്ടോബർ വിപ്ലവം തുടങ്ങി പുതുജീവിതത്തിനു നാന്ദികുറിച്ച ലഹ ളകൾക്കു കാരണമായതൊക്കെ തിന്നുകൊ ഴുത്ത അധികാരം, പുരോഹിതവർഗ്ഗങ്ങളുടെ ചവിട്ടടിയിൽ പുഴുക്കളെപോലെ പിടഞ്ഞിരുന്ന സാധാരണക്കാരായിരുന്നു. ഇന്നും ലോക ത്തിന്റെ നാനാഭാഗങ്ങളിലും ഇത്തരത്തിലുള്ള ചില സംഭവങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു ണ്ട്. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ പോലും ഇത്തരത്തിലുള്ള ചൂഷണങ്ങൾ സാധാരണയാ യി കാണാം. അവിടെ മനുഷ്യൻ മാടുകളെ പോലെ കൊഴുപ്പു നിറഞ്ഞ ദേഹമുള്ള തന്റെ

യജമാൻമാർക്കുവേണ്ടി ഒരു മനുഷ്യന്റെ ജീവിതം എങ്ങനെ എന്നറിഞ്ഞു കൂടാതെ ജീവിച്ചു തീർക്കുന്നു. തന്റെ മുതലാളിയുടെ തോട്ടത്തിന്റെ ഒരരികൽ ഓലകൊണ്ടു മറച്ച തന്റെ കുടിലിൽ കുടുംബാംഗങ്ങളോടൊപ്പം അന്തിയുറങ്ങുന്നു. അവന്റെ കുഞ്ഞുങ്ങളും മുതലാളിക്കുവേണ്ടി ജോലിചെയ്യാൻ തുടങ്ങുന്നു. അങ്ങിനെ അവിടെ രണ്ടുവർഗ്ഗങ്ങൾ ജീവിച്ചു പോവുകയാണ്. ഒരു സ്ഥലത്ത് തിന്നു തടിച്ച് തന്റെ സമ്പത്ത് ആരെങ്കിലും കൊള്ളയടിച്ചുകൊണ്ടുപോകുമോ എന്നു കരുതിയും, കൊഴുപ്പടിഞ്ഞു വിങ്ങിയതുകാരണം ശ്വാസം ശരിക്കു പോകാത്തതു കൊണ്ടും വയർ വല്ലാതെ നിറഞ്ഞതിനാലുള്ള ബുദ്ധിമുട്ടുകൊണ്ടും ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു കഷ്ടപ്പെട്ട് നേരം വെളുപ്പിയ്ക്കുന്ന മുതലാളിയും, രാവിലെ മുതൽ വൈകീട്ടുവരെ ആ മുതലാളിയുടെ തോട്ടത്തിൽ ഊരയ്ക്കൊരു താങ്ങുപോലും കൊടുക്കാതെ ഒരുതുള്ളി പച്ചവെള്ളം പോലും കുടിയ്ക്കാതെ എല്ലുമുറിയെ പണിയെടുത്തു തളർന്ന് കുറച്ചു കഞ്ഞിയും കോരിക്കുടിച്ച് ബോധം കെട്ടുറങ്ങുന്ന തൊഴിലാളിയും. ഇങ്ങനെ തലമുറകളായി ഒരു സാധാരണ തൊഴിലാളിക്ക് കൈമാറികൈമാറി വന്ന അരവയറിനുള്ളിലെ ഊർജ്ജം ഒരുനാൾ പെട്ടെന്ന് ആളികത്തുമ്പോൾ മറ്റുള്ളവർ വെള്ളപ്പൊക്കത്തിലെ മൺപുറ്റുകളെ പോലെ ചിതറിപ്പോവുന്നു.

ജീവിവർഗ്ഗങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠൻ എന്ന് മനുഷ്യൻ അഭിമാനിക്കാറുണ്ട്. എന്താണ് അവന്റെ ശ്രേഷ്ഠത? കൂടുതൽ സ്വത്തിനും ഭൂമിയ്ക്കും വേണ്ടി മറ്റു രാജ്യങ്ങൾ ആക്രമിച്ചു കീഴടക്കുന്നതോ? ജന ലക്ഷങ്ങളുടെ മരണത്തിന് ഉത്തരവാദികളാകുന്നതോ? വൃദ്ധരായ തന്റെ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ ആക്കുന്നതോ? ഒരു വയസ്സുപോലും തികയാത്ത പെൺകുഞ്ഞുങ്ങളെ പീഡിപ്പിക്കുന്നതോ? പക്ഷേ ഇങ്ങനെ കാര്യങ്ങൾ ചെയ്താലും നാം അവയെ മൃഗീയം എന്നു വിളിക്കുന്നു. ഏതെങ്കിലും ഒരു മൃഗം വെറുതെ ഒരു രസത്തിന് മറ്റു ജീവികളെ കൊല്ലാറുണ്ടോ? പിറന്നുവീണ സ്വന്തം വംശത്തിൽപെട്ട കുഞ്ഞുങ്ങളെ ബലാത്സംഗം ചെയ്യാറുണ്ടോ? അവ മറ്റുള്ള ജീവികളെ കൊല്ലുന്നത് ആഹാരത്തിനു വേണ്ടിയും, ആത്മരക്ഷയ്ക്കുവേണ്ടിയും മാത്രമാണ്. ഒരു മൃഗം ഇരതേടാനിറങ്ങുന്നത് അതിന് നല്ലപോലെ വിശക്കുമ്പോഴായിരിക്കും. പെരുമ്പാമ്പ് ഒരിക്കൽ ഇരപിടിച്ചാൽ അതിന് പിന്നെ ആഴ്ചകളോളം ഒന്നും കഴിയ്ക്കണ്ട, എലി വർഗ്ഗത്തിലുള്ള ഷ്റൂ എന്നു പേരായ ജീവികൾ ഭക്ഷണം കഴിക്കാതെ മണിക്കൂറുകൾ മാത്രമേ ജീവിച്ചിരിക്കുകയുള്ളു. ഭക്ഷണം കിട്ടാതെ വരുമ്പോൾ ചിലപ്പോൾ ഇവ സ്വന്തം വർഗ്ഗത്തിൽ പെട്ട ജീവികളെ തന്നെ ആഹാരമാക്കി എന്നു വരാം. മനുഷ്യന്റെ കാര്യത്തിലും ചിലപ്പോൾ ഇതുതന്നെ സംഭവിയ്ക്കാം. തന്റെ ജീവൻ നിലനിർത്താൻ വേണ്ടി ചെറുപ്പം മുതൽ ഒപ്പം കളിച്ചു വളർന്ന ചങ്ങാതിയെ കൊന്നുതിന്നാൻ മനുഷ്യൻ തയ്യാറായ സംഭവങ്ങളുണ്ട്. ഇവിടെ വിശപ്പ് മനുഷ്യനെ മൃഗമല്ല, ഭ്രാന്തനാക്കിതീർക്കുകയാണ് ചെയ്യുന്നത്.

ഹവായ് പോലുള്ള ദ്വീപസമൂഹങ്ങളിൽ നരഭോജികളേയും മറ്റും ഇപ്പോഴും കാണാം. അവരെന്തുകൊണ്ടാണ് നരഭോജികളായതെന്നറിയില്ല. ചിലപ്പോൾ ചില ക്ഷാമകാലത്തും സ്വന്തം കൂട്ടരെ കൊന്ന് തിന്ന് തുടങ്ങിയ ഏർപ്പാടായിരിക്കാം. അതു കഴിഞ്ഞ് നല്ല കാലം വന്നപ്പോഴും അവർ അതുതന്നെ തുടർന്നു... അവരുടെ മുന്നിൽ പെടുന്ന മറ്റു മനുഷ്യരെ അവർ ഭക്ഷണമായി ഉപയോഗിക്കുന്നു. ഇതിനെ മനുഷ്യത്വരഹിതം എന്നു പരിഷ്കൃതമനുഷ്യൻ വിളിക്കുന്നു. പക്ഷേ നരഭോജികളുടെ നോട്ടത്തിൽ മുന്നിൽ വരുന്നത് നരനായാലും നരിയായാലും ഭക്ഷണമാണ്. അവന്റെ വിചാരം പുണ്യപാപങ്ങളെപറ്റി ഒന്നു

മായിരിക്കില്ല. വിശന്നു പൊരിഞ്ഞ് ഇരിക്കുമ്പോൾ എന്തുപുണ്യം? എന്തുപാപം? കിട്ടുന്നതെന്തും വയറ്റിലാക്കുകതന്നെ. പുണ്യത്തേയും പാപത്തേയും പറ്റി ചിന്തിച്ചിരുന്നാൽ അവൻ ചിലപ്പോൾ പട്ടിണികൊണ്ട് മരിച്ചേക്കാം. ഭക്ഷണം നേടുന്നതിനൊപ്പം ഭക്ഷണമാവാതിരിക്കാനും അവന് പോരാടേണ്ടിവരും. സ്വയം ഭക്ഷണമാവാൻ ആരും ഇഷ്ടപ്പെടാറില്ലല്ലോ?

വൈചിത്ര്യങ്ങൾ നിറഞ്ഞ ഈ ലോകത്തെ മനുഷ്യരും അവരുടെ രീതികളും വിഭിന്നങ്ങളാണ്. ഓരോ ദേശങ്ങൾ താണ്ടുമ്പോഴും രീതികളും സ്വഭാവങ്ങളും, ആകൃതിയും, നിറവും, സംസാരവും, സംസ്കാരവും മാറിക്കൊണ്ടിരിക്കുന്നു. ഓരോ പ്രദേശത്തേയും ആളുകളുടെ ഭക്ഷണരീതികൾ വളരെ വ്യത്യസ്തമാണ്. ഒരുകൂട്ടം ആളുകൾ നോക്കാൻ പോലും വെറുക്കുന്ന ചിലതായിരിക്കാം മറ്റൊരു സ്ഥലത്തെ അമൃത്. ചിലർ ഭക്ഷണം കൈകൊണ്ട് വാരിതിന്നുന്നു. എന്നാൽ ചിലർക്ക് അത് പ്രാകൃത രീതിയാണ്. അവർക്ക് കത്തിയും മുള്ളും തന്നെ വേണം. എന്നാൽ ചിലർക്ക് രണ്ടുകോലുകൾ മാത്രം മതി. ഭക്ഷണം കഴിക്കുമ്പോൾ തന്റെ കവിൾ പോലും ചലിക്കാൻ പാടില്ല എന്നു ഇംഗ്ലീഷുകാരൻ കരുതുന്നു. അതാണ് അവന്റെ മാന്യത. എന്നാൽ എന്തും ഒപ്പം കൂടിയിരുന്ന് കൈയ്യിട്ട് വലിച്ചുവാരി ഉറക്കെ ബഹളമുണ്ടാക്കി ശാപ്പിടുന്ന ചൈനക്കാരോ? അവരും മാന്യൻമാർതന്നെ. രണ്ടു സമൂഹത്തിലും ഒരുവനെ മാന്യൻ എന്നു നിർവചിച്ചിരിക്കുന്നത് വിഭിന്നരീതിയിലായതുകൊണ്ടാണിത്. ലോകത്ത് ഏറ്റവും പ്രായം ചെന്ന ഭക്ഷണരീതിയ്ക്കുടമസ്ഥരായ ചൈനക്കാർക്ക് കൂട്ടം കൂടിയുള്ള തീറ്റയാണ് പ്രിയം. എന്നാൽ മറ്റു ചിലർക്ക് ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഭക്ഷണത്തിലായിരിക്കും താൽപര്യം.

മനുഷ്യനെ സ്വന്തം കാലിൽ താങ്ങി നിർത്തുന്നതും, അവന് ചിന്തിക്കാനും പ്രവർത്തിയ്ക്കാനും ഉള്ള ഊർജ്ജം കൊടുക്കുന്നതും ഭക്ഷണമാണ്. ഒരു മനുഷ്യനെ അവന്റെ സമൂഹത്തിലും കുടുംബത്തിലും ഒരംഗമാക്കുന്നതിൽ ഭക്ഷണത്തിന് ഒരു വലിയ പങ്കുണ്ട്. പക്ഷേ ചില അവസരങ്ങളിൽ നാം നമ്മെ തന്നെ മറക്കുന്നു. ഇത്രയും വിലപ്പെട്ട ഭക്ഷണത്തെ പുല്ലുപോലെ വലിച്ചെറിയുന്നു. സോമാലിയയിലും മറ്റും ദശലക്ഷക്കണക്കിന് പട്ടിണിപ്പാവങ്ങൾ ഒരു മണി അരിയ്ക്ക്, ഒരു തുള്ളി വെള്ളത്തിനുവേണ്ടി പരക്കം പായുമ്പോൾ നാം ഇവിടെ എത്രയോ ചോറ് വെറുതെ കളയുന്നു. നമ്മുടെ ഇന്ത്യയിൽ തന്നെ എത്രയോ പേർ അരവയറുമായി ദിവസങ്ങൾ കഴിച്ചു കൂട്ടുന്നു. ഭക്ഷണം കഴിച്ച് വീർത്ത വയറിൽ തടവിയും ഉറങ്ങിയും നേരം കളയുന്ന നമ്മൾ ഇടയ്ക്കൊക്കെ അവരെ കുറിച്ചും ഓർക്കുന്നത് നന്ന്. ഒരാഴ്ച ഒന്നും കിട്ടാതെ വിശന്നു പൊരിഞ്ഞിരിക്കുന്ന ഒരുവന്റെ മുമ്പിലേയ്ക്ക് വിഭവസമൃദ്ധമായ സദ്യയും ഒരു പാത്രം കഞ്ഞിയും ഒരുമിച്ചു വച്ചാൽ അവന് ഒരുപക്ഷേ അവ തമ്മിൽ രുചിക്ക് യാതൊരും വ്യത്യാസവുമുണ്ടാകില്ല. വിശപ്പ് നമ്മെ അസ്വസ്ഥനാക്കുന്ന ഒരു ശാപമാണോ അതോ നമ്മുടെ രുചി വർദ്ധിപ്പിയ്ക്കാനുള്ള ഒരു വരമാണോ എന്ന് നാം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു.



അനൂഷ. പി.

# കലാലയമേ, നീ എനിക്ക്..........



നിറ പകിട്ടാർന്ന സ്വപ്നങ്ങൾക്കു ചിറകു വിടർത്തുന്ന എന്റെ കലാലയം
ദു:ഖത്തിന്റെ ചില്ലുകണ്ണാടികൾ ആയിരം സന്തോഷങ്ങളായി
ചിന്നി ചിതറുന്ന എന്റെ കലാലയം
എന്റെ കലാലയമേ, നീ തരുന്ന ദിനങ്ങളെ
ഞാൻ ഓർമ്മ ചെപ്പിൽ കാത്തു സൂക്ഷിക്കുന്നു
നീ സമ്മാനിക്കുന്ന ഓരോ ദിനങ്ങൾ എന്റെ ജീവിത താളങ്ങളാണ്
എന്റെ മനസിൽ നീ ജീവിതപ്രേമം വളർത്തുന്നു.
സന്തോഷത്തിന്റെ കാർമേഘങ്ങളെ ചിലപ്പോൾ നീ
കണ്ണീർ മഴകളാക്കുന്നു
ചിലപ്പോൾ കയ്പേറുന്ന അനുഭവങ്ങളായി നീ എന്റെ
മനസ്സിൽ ആഞ്ഞടിക്കുന്നു
ജീവിതത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങളെ നീ ഓർമ്മപ്പെടുത്തി
കൊണ്ടിരിക്കുന്നു
പ്രണയത്തിന്റെ നീറുന്ന വ്രണങ്ങളിൽ നീ താണ്ഢവമാടുന്നു.
പ്രണയം കയ്പേറിയതാണെന്നും നീ ഓർമ്മപ്പെടുത്തുന്നു
എങ്കിലും നീ തരുന്ന സന്തോഷങ്ങളാൽ ഞാൻ കൃതാർത്ഥയാണ്.

സ്വാതന്ത്ര്യത്തിന്റെ ഉയരങ്ങളിലേക്കു കുതിച്ചുയരുന്ന ഒരു പക്ഷിയായി
നീ എന്നെ മാറ്റുന്നു
അറിവിന്റെ മഹാസാഗരങ്ങളിലേക്കു നീ എന്നെ കൈപിടിച്ചുയർത്തുന്നു
ഗൃഹാതുരത്വത്തിന്റെ നിശബ്ദത നിന്റെ ബഹളങ്ങൾക്കായി
വഴിമാറി നീ എന്നെ സന്തോഷിപ്പിക്കുന്നു
സൗഹൃദത്തിന്റെ തീരാമധുരം നീ എന്നെ അനുഭവിപ്പിക്കുന്നു
സ്നേഹത്തിന്റെ മൂല്യം അതിർ വരമ്പുകൾക്കപ്പുറമാണെന്നു നീ പറയുന്നു.
ഒരിക്കലും വരില്ലാ എന്നറിയാമെങ്കിലും
കാത്തിരിപ്പിന്റെ സുഖമെന്തെന്നു നീ എന്നെ അറിയിച്ചു
നിലാവുള്ള നിശീഥിനിയിലെ മിന്നി മറയുന്ന നക്ഷത്രങ്ങളെപോലെ
ചില ധന്യ മുഹൂർത്തങ്ങൾ നീ എനിക്കു സമ്മാനിച്ചു.

നിന്റെ നെൽപാടങ്ങളും നിന്റെ പച്ചപ്പും
നിന്നെ തഴുകി തലോടുന്ന നിളയും
ഇന്നെന്റെ നയനങ്ങൾക്കു കുളിരേകുന്നു
ഇന്നെന്റെ സായാഹ്നങ്ങൾക്കു നീ സാക്ഷിയാകുന്നു
നീ എന്നിൽ നിന്നും അകലാതിരുന്നെങ്കിൽ!!!

പിരിയേണ്ടവർ നമ്മെളെന്നറിയാതെ
കടന്നു പോകുന്ന ഓരോ ദിനങ്ങൾക്കും
നിറമാല ചാർത്തി നാം വെറുതെ





# ഓർമ്മതൻ പടിവാതിലിൽ.........

നീതു റാണി എസ്.

ഒരു നിമിഷാർദ്ധത്തിൽ വിളിപ്പാടകലെ
ഞാൻ കണ്ടൊരാ സിന്ദൂര രേഖയും,
കനകാംബരങ്ങൾ ചൂടിയ കാർകൂന്തലും
വശ്യമപൂർവ്വമാം പുഞ്ചിരി വിതറി
പട്ടു പുടവയതിൻ ഞൊറികളിളകി-
യെൻ മുമ്പിലെത്തി കുണുങ്ങുമാമുഖവും
ഇനി ഓർമ്മകൾ മാത്രം! ഓർമ്മയിൽ മാത്രം
അരികത്തിരുന്നപ്പോൾ
അറിഞ്ഞില്ല ഞാൻ
ആത്മബന്ധത്തിന്റെ തീവ്രത
ഈ വേർപിരിയലിൽ ഞാൻ മനസ്സിലാക്കുന്നു
നീയെന്നെയേൽപ്പിച്ച സ്നേഹബന്ധത്തിന്റെ
തീഷ്ണത
ആ കഴിഞ്ഞ കാലങ്ങളും ഇനി നിൻ
ഓർമ്മകളും എനിക്ക്,
ജീവവായു ആയി മാറിയിരുന്നുവെങ്കിൽ...............





സരിത പി.ജി.

# നഷ്ടപ്രണയം



അരണ്ട വെളിച്ചത്തിലെ അത്താഴത്തിനു ശേഷം അയാൾ തന്റെ കിടപ്പുമുറിയിലെത്തി. അടർന്നു വീഴാറായ ഭിത്തിയിലേക്കു നോക്കി തന്റെ പഴഞ്ചൻ ക്ലോക്കിന്റെ സംഗീതവും ശ്രവിച്ചു കൊണ്ട് വിണ്ടു കീറിയ നിലത്ത് അയാൾ കിടന്നു. ക്ലോക്കിന്റെ സംഗീതം മണി പതിനൊന്ന് എന്നറിയിച്ചു. അയാൾ തന്റെ പഴഞ്ചൻ ക്ലോക്കിനെ അരുമയായൊന്നു നോക്കി. കറുത്ത പശ്ചാത്തലത്തിൽ സ്വർണ്ണത്തിന്റെ അലുക്കുകൾ തീർത്ത ക്ലോക്ക്. അയാൾ തന്റെ കണ്ണുകൾ ക്ലോക്കിൽ നിന്ന് പിൻവലിച്ച് ഭിത്തിയിലേക്ക് തന്നെ നോക്കി. പിന്നെ സാവധാനം എഴുന്നേറ്റ് ആ ക്ലോക്കിന്റെ അടുത്തേക്ക് നടന്നു. ആ ക്ലോക്കിനെ ഒരു കൊച്ചുകുഞ്ഞിനെയെന്നോണം കൈകളിലെടുത്തു അരുമയായ് ചേർത്തു പിടിച്ചു.

അയാളുടെ മനസ്സിലേക്ക് ഗതകാല സ്മരണകൾ പലതും ഊളിയിട്ടു വന്നു. ചെമ്പകപ്പൂവിന്റെ നിറം, മുട്ടോളം ഇടതൂർന്ന മുടി, ചിരിക്കുമ്പോൾ വിരിയുന്ന നുണക്കുഴിക്കവിളുകൾ- കമല. അയാൾ കമലയെക്കുറിച്ചോർത്തു. അവളിപ്പോൾ എവിടെയായിരിക്കും? അവൾക്കു ഞാൻ അവസാനമായി കൊടുത്ത റോസാപ്പൂക്കൾ ഇപ്പോഴും അവൾ സൂക്ഷിച്ചിട്ടുണ്ടാകുമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ അയാൾ തന്നോടുതന്നെ ചോദിച്ചു. എന്നാണ് അവളെ ആദ്യം കണ്ടതെന്ന് ഓർമ്മയില്ല. പിന്നെപ്പിന്നെയാണ് അയാൾ അവളെ ശ്രദ്ധിച്ചു തുടങ്ങിയത്. അയാളുടെ എല്ലാ നാടകങ്ങളുടേയും മുൻനിരയിൽ ഇരുന്ന് അയാളെ ശ്രദ്ധിക്കുന്ന പെൺകുട്ടി.....

ഗ്രീൻ റൂമിലെ അരണ്ട വെളിച്ചത്തിൽ നിൽക്കുമ്പോൾ പുറത്തെ വെളിച്ചത്തിൽ അവളെ അയാൾക്ക് കാണാമായിരുന്നു. ഏന്തിയും വലിഞ്ഞും അയാളെ നോക്കുന്ന ഒരു പെൺകുട്ടി. അത് അയാളിൽ ആദ്യം ഒരു അമ്പരപ്പാണുണ്ടാക്കിയത്!

വെറുതെയിരിക്കുന്ന നേരങ്ങളിൽ അയാൾ ആ പെൺകുട്ടിയെക്കുറിച്ച് ചിന്തിക്കുമായിരുന്നു. ഒരിക്കൽ ആ പെൺകുട്ടി ഗ്രീൻ റൂമിന്റെ വാതിൽ തള്ളിത്തുറന്ന് ധൈര്യം സംഭരിച്ച് അകത്തേക്ക് ചെന്നു. അയാൾ പെട്ടെന്ന് ഞെട്ടിപ്പോയി. അവൾ പറഞ്ഞതൊന്നും മനസ്സിലായില്ലെങ്കിലും അവൾ തന്നെ പ്രേമിക്കുന്നുണ്ടെന്ന് അവളുടെ കണ്ണുകളിൽ നിന്നും അറിഞ്ഞു. അവളായിരുന്നു കമല. അയാൾ ആദ്യം ആ പ്രേമത്തെ ഒരു തമാശ മാത്രമായിട്ടായിരുന്നു കണ്ടിരുന്നത്. എന്നാൽ കമലയിലെ ദൃഢത അയാളെ മാറ്റിയെടുത്തു.

വൈകുന്നേരങ്ങളിൽ ആളൊഴിഞ്ഞ ബീച്ചിന്റെ ഒരു കോണിലോ പച്ചപ്പട്ടു വിരിച്ച പാർക്കിലോ കപ്പലണ്ടിയും കൊറിച്ചു നീങ്ങുന്ന അവരെ കാണാമായിരുന്നു. നിശബ്ദതയിൽ സല്ലപിക്കാനായിരുന്നു അവർ ആഗ്രഹിച്ചിരുന്നത്. കഷ്ടപ്പാടുകൾ സഹിച്ചിരുന്ന അവളെ അയാൾ അതിവേഗം സ്നേഹിച്ചു തുടങ്ങി. പക്ഷെ കമലയുടെ വീട്ടിലെ അവസ്ഥ വളരെ കഷ്ടമായിരുന്നു. തളർവാതം വന്ന് കിടപ്പിലായ അച്ഛൻ, സഹോദരങ്ങൾ അവളുടെ തുച്ഛമായ വരുമാനം കൊണ്ടായിരുന്നു അവരുടെ കുടുംബം കഴിഞ്ഞിരുന്നത്. എങ്കിലും അവൾക്ക് അയാളെ ജീവനായിരുന്നു.

ഒരിക്കൽ നാടകവണ്ടിയിൽ കൊട്ടാരക്കര നാടകം കഴിഞ്ഞ് തിരിച്ചു വരികയായിരുന്നു അയാൾ. ക്ഷീണം മൂലം എല്ലാവരും പാതിമയക്കത്തിലായിരുന്നു. പെട്ടെന്ന് വണ്ടി എവിടെയോ ചെന്നിടിച്ചത് മാത്രം അയാൾക്ക് ഓർമ്മയുണ്ട്. പിന്നെ അയാളുടെ ഓർമ്മ - അയാൾക്കത് നഷ്ടപ്പെട്ടിരുന്നു. ഇടിയുടെ ആഘാതത്തിൽ അയാളുടെ ഓർമ്മശക്തി നഷ്ടപ്പെട്ടിരുന്നു. പിന്നീട് കമല വന്നതോ പോയതോ ഒന്നുമയാൾ അറിഞ്ഞില്ല. 10 വർഷത്തെ നീണ്ട ചികിൽസയ്ക്കുശേഷമാണ് അയാൾക്ക് പിന്നീട് ഓർമ്മ തിരിച്ചു കിട്ടിയത്. അതോടെ അയാളുടെ സമ്പാദ്യവും ആരോഗ്യവും അയാൾക്ക് നഷ്ടമായിരുന്നു. അതിൽ പിന്നെ അയാൾ കമലയെ കണ്ടിട്ടുമില്ല.

അതായിരുന്നു അയാളുടെ അവസാനത്തെ പ്രേമഭാജനം. അവളുടെ വരുമാനത്തിന്റെ ഒരു ഭാഗം കൂട്ടി വച്ച് അവൾ അയാൾക്ക് സമ്മാനിച്ചതായിരുന്നു ആ ക്ലോക്ക്. അതും കൂടി ഇല്ലായിരുന്നെങ്കിൽ അയാൾ ഓർമ്മകളുടെ ജീവനുള്ള ഒരു ജഡം മാത്രമായ് മാറിയേനേ! പെട്ടെന്ന് ക്ലോക്ക് ടിക്....ടിക്....ടിക്..... എന്ന അതിന്റെ പതിവു സംഗീതം പുറപ്പെടുവിച്ചു. മണി പന്ത്രണ്ടായി. അയാൾ ആ ക്ലോക്കിനെ പതിവിനു വിപരീതമായി വളരെ നേരം പരിലാളിച്ചു. തന്റെ കമലയെന്ന പോലെ!!! അതിനെ യഥാസ്ഥാനത്ത് വച്ച അയാൾ വീണ്ടും തന്റെ വിണ്ടുകീറിയ നിലത്ത് കീറപ്പുതപ്പും പുതച്ച് ഉറങ്ങാൻ കിടന്നു. ഒരിക്കലും തിരിച്ചു വരാത്ത ഉണർവിനായ്.





പ്രവീണ കെ. കെ.

# ഇഴയുന്ന സംഗീതം

ഉരുകുന്ന ചിത്തത്തിലെവിടെയോ ഞാനിന്നു-
മെരിയുന്ന തിരയായ് പടർന്നിടുന്നു
അറിയില്ലെനിക്കിന്നുമവിടുത്തെ കല്പന
അറിയാതെ നാളുകൾ നീങ്ങിടുന്നു
അമ്മതൻ കണ്ണുനീർ തുള്ളിയാൽ ഞാനിന്നു-
മൊരുകൊച്ചു ശാപമായ് തീർന്നിടുന്നു
എൻ മാതാപിതാക്കൾ തൻ നീർതുടക്കാൻ
ഒരു തുണ്ടു ശില നീ തന്നീടുമോ

കാലിലും കയ്യിലും പേശിയിലും
കാർന്നു തിന്നുന്ന വൈകല്യവുമായ്
മെഴുകിയ പൂഴിമൺ പാത നീളെ
ഇഴയുകയാണിന്നുമെന്റെ ജീവൻ

എന്തിനു ദൈവമേ നീയെനിക്കിന്നി-
ത്രമേൽ കൗതുകം വച്ചുനീട്ടി
പിടയുവാൻ കൊതിക്കുന്നൊരെൻ കയ്യിലെ
ചെറുവിരലെങ്കിലും നീ തൊട്ടുവെങ്കിൽ

എൻ ഹൃദയത്തിൽ നീ തന്ന സംഗീതത്തിൻ
തംബുരു ശ്രുതിയെങ്കിലും ഞാൻ മീട്ടിയേനെ

# കൂൺകൃഷി, ഹോസ്റ്റലിലും.........

സെമസ്റ്ററിന്റെ തുടക്കം; അത് എങ്ങനെ പ്രയോജന പ്പെടുത്താമെന്ന് ആലോചിച്ചിരിക്കെ; ആരോ ഒരാൾ കൂൺകൃഷിയെക്കുറിച്ച് പറഞ്ഞു. പിന്നെ അതിനെക്കുറിച്ചായി ഞങ്ങളുടെ ചർച്ച. ചർച്ചയ്ക്കൊടുവിൽ കൂൺ കൃഷിയെപ്പറ്റിയുള്ള സങ്കേതിക വിവരങ്ങൾ ശേഖരിക്കാൻ കെ.വി.കെ. യെ സമീപിച്ചു. ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കെ.വി.കെ. അധികൃതരുടെ സമീപനം; കൂൺ കൃഷിയിൽ ഞങ്ങളുടെ ശുഭാപ്തി വിശ്വാസത്തെ വർദ്ധിപ്പിച്ചു.

അധികം സാമ്പത്തിക ചെലവില്ലാതെ നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന കൃഷിയാണിത്. വയ്ക്കോൽ, പോളിത്തീൻ കവർ, കൂൺവിത്ത് എന്നിവയാണ് അവശ്യവസ്തുക്കൾ. വയ്ക്കോൽ; ഞങ്ങൾ ഫാമിൽ നിന്ന് സംഘടിപ്പിച്ചു. വയ്ക്കേലിനെ രോഗാണു വിമുക്തമാക്കുന്നതിന് ആവശ്യമായ കെമിക്കൽസ് (Chemicals) കെ.വി.കെ.യിൽ നിന്നു ലഭിച്ചു. സന്ധ്യയായപ്പോൾ ഞങ്ങൾ ആറ് പേർ ചേർന്ന് വയ്ക്കോലിനെ ചെറുകഷ്ണങ്ങളാക്കാൻ തുടങ്ങി (5-8 സെ.മീ.) തമാശകൾക്കും പൊട്ടിച്ചിരികൾക്കുമിടെ വയ്ക്കോൽ മുറിച്ച് തീർത്തത് ഞങ്ങൾ അറിഞ്ഞില്ല. ഒരോഘട്ടം കഴിയുന്തോറും ഞങ്ങളുടെ താൽപര്യം വർദ്ധിച്ചു വന്നു. 100 ലിറ്റർ വെള്ളത്തിന് 50 മില്ലി. ലിറ്റർ ഫോർമാലിനും 8 ഗ്രാം ബാവിസ്റ്റിനുമാണ് സ്റ്റെറിലൈസേഷനു (Sterilization) വേണ്ടി ഉപയോഗിക്കേണ്ടത്. (വെള്ളത്തിലിട്ട് തിളപ്പിച്ചും Sterilize ചെയ്യാവുന്നതാണ്.)

ആവശ്യത്തിനുള്ള വെള്ളവും Chemical ഉം നിർദ്ധിഷ്ട അളവിൽ ഒരു ബക്കറ്റിൽ മിക്സ് ചെയ്തതിനു ശേഷം, വയ്ക്കോൽ കഷ്ണങ്ങൾ ഈ ബക്കറ്റിൽ മുക്കി വച്ചു. തൊട്ടടുത്ത ദിവസം (12 മണിക്കൂറിന് ശേഷം) വെള്ളം വാർന്നു കളയുന്നതിനായി കെ.വി.കെ.യിൽ കൊണ്ടുപോയി. ടാർപോളിൻ നന്നായി Dettol ഉപയോഗിച്ച് തുടച്ചശേഷം വയ്ക്കോൽ അതിൽ നിരത്തി. വൈകുന്നേരമായപ്പോൾ Bed preparation നായി കെ.വി.കെ.യിൽ ഒരുമിച്ചു കൂടി.

